20.07.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി

ക്രിസ്തീയ പത്രം

Vol. 26
Issue 14

പെന്തക്കോസ്തിനെ അപകീർത്തിപ്പെടുത്താൻ ആസൂത്രിത നീക്കം

ദൈവശാസ്ത്ര അടിത്തറയിൽ നിലനിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ആത്മീയ മുന്നേറ്റമാണ് പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ. ഒരു നൂറ്റാണ്ടിലധികം ചരിത്രം പേറുന്നവരാണ് ഭാരതത്തിലെ പെന്തക്കോസ്തു സഭകൾ പെന്തകോസ്ത് സഭകൾ കടുത്ത പ്രതിസന്ധിയിൽ എന്ന തലക്കെട്ടിൽ ന്യൂസ് മലയാളം 24×7 ചാനലിൽ സംപ്രേഷണം ചെയ്ത വാർത്ത വാസ്തവ വിരുദ്ധമാണ്. ആധികാരികമല്ലാത്ത വാർത്തകൾ നിരന്തരം പുറത്ത് വിടുന്നത് സത്യാനന്തര കാലത്തെ വൃത്തികെട്ട മാധ്യമ ധർമ്മമാണ്.

വിദേശ ഫണ്ട് സ്വീകരിക്കണമെങ്കിൽ പെന്തകോസ്ത് സഭകൾ എപ്പിസ്ക്കോപ്പൽ സഭകൾ ആകണമെന്ന നിയമം പുതുതായി നിർമ്മിച്ചു എന്നതാണ് വാർത്ത. ആയതിനാൽ ബിലിവേഴ്സ് ചർച്ച് മോഡലിൽ പെന്തകോസ്ത് സഭകൾ എപ്പിസ്കോപ്പസിയിലേക്ക് ചുവട് മാറ്റുന്നുവെന്നും പണം നൽകി മെത്രാൻ സ്ഥാനം വാങ്ങാൻ ശ്രമിക്കുന്നുവെന്നും പണമില്ലാത്തവർ സ്വയം പ്രഖ്യാപിത മെത്രാപ്പോലീത്തയായി മാറാൻ ശ്രമിക്കുന്നുവെന്നുമാണ് വാർത്ത.

ഇന്ത്യയിലെ പെന്തകോസ്ത് നേതൃത്വം ഇതുവരെ അറിയാത്ത പച്ചക്കള്ളമാണ് ചാനൽ പ്രചരിപ്പിക്കുന്നത്. ഹിസ്റ്റോറിക്കൽ എപ്പിസ്കോപ്പസിയെ കുറിച്ചുള്ള പെന്തകോസ്ത് സഭകളുടെ നിലപാട് ദൈവശാസ്ത്രപരമാണ്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട സഭയുടെ പൗരോഹിത്യത്തിലാണ് പെന്തകോസ്ത് സഭകൾ വിശ്വസിക്കുന്നത്. കൈവയ്പ്പിലൂടെ കൈമാറുന്നത് ദൈവശാസ്ത്രവും അപ്പോസ്തലിക ഉപദേശങ്ങളുമാണ്. വ്യക്തികളിൽ ദൈവം പകർന്നിരിക്കുന്ന അധികാരവും ശുശ്രൂഷയും നിയോഗവും പൊതു സഭയ്ക്ക് ബോധ്യപ്പെടുമ്പോൾ സഭ അത് അംഗീകരിക്കുന്ന രീതിയാണ് കൈവയ്പ്പ്. സഭയുടെ അധ്യക്ഷ നിരകളെ ബൈബിൾ നിർവ്വചിച്ചിട്ടുണ്ട്.

ഇന്ത്യയിലെ പെന്തകോസ്ത് സഭകളുടെ നേതൃത്വത്തിൽ ഇത്തരത്തിലുള്ള ഒരാലോചന നടന്നിട്ടില്ല. അങ്ങനെയൊരു ആശങ്കയും സഭകൾക്കില്ല. ഇല്ലാത്ത വാർത്ത പടച്ചു വിടുന്നത് വാർത്താ ദാരിദ്ര്യം കൊണ്ടാണ്.

ഒരു സംഘടനയ്ക്ക് വിദേശ ഫണ്ട് സ്വീകരിക്കണമെങ്കിൽ രാജ്യത്ത് അതിന്റെ നിയമം ഉണ്ട്. അതിന് എപ്പിസ്ക്കോപ്പൽ ചർച്ച് ആകണമെന്ന കണ്ടുപിടുത്തം ശുദ്ധ വിവരക്കേടാണ്. രാജ്യത്തിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിയമങ്ങൾ ഉണ്ട്. ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (FCRA), ഫോറിൻ എക്സേഞ്ച് റഗുലേഷൻ ആക്ട് (FERA), ഫോറിൻ എക്സെഞ്ച് മാനേജ്മെന്റ് ആക്ട് (FEMA) ഇങ്ങനെ വിവിധ നിയങ്ങൾ ഉണ്ട്. ഈ രജിസ്ട്രേഷനുള്ള സംഘടനകൾക്ക് വിദേശ ഫണ്ട് സ്വീകരിക്കാം.

റിസർവ്വ് ബാങ്കിന്റെ മോണിറ്ററി പോളിസി, ഇൻകം ടാക്സിന്റെ റൂൾസ് എന്നിവ അംഗീകരിക്കുന്ന ആർക്കും ഫണ്ട് സ്വീകരിക്കാം. സഭകൾ മാത്രമല്ലല്ലോ വിദേശ ഫണ്ട് സ്വീകരിക്കുന്നത്. വിവിധ എൻജിയോകൾ, രാഷ്ട്രീയ പാർട്ടികൾ, ജീവകാരുണ്യ/മനുഷ്യാവകാശ സംഘടനകൾ, ആശ്രമങ്ങൾ, ഗുരുപ്രസ്ഥാനങ്ങൾ, പരിസ്ഥിതി പ്രസ്ഥാനങ്ങൾ തുടങ്ങിയവ വിദേശ ഫണ്ട് സ്വീകരിക്കുന്നുണ്ട്.

പെന്തകോസ്ത് സഭകൾ എപ്പിസ്ക്കോപ്പൽ സഭകകളുടെ പിന്തുടർച്ചയും കൈവയ്പും ആചാര വേഷങ്ങളും സ്വീകരിച്ചാൽ നിയമപരമായ സംരക്ഷണം കിട്ടുമെന്ന വാദം ബാലിശമാണ്. മെത്രാപ്പോലീത്ത സ്ഥാനം സ്വീകരിച്ചിട്ടും ബിലിവേഴ്സ് ചർച്ചിൽ ആദായ നികുതി വകുപ്പിന്റെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെയും റെയ്ഡ് നടന്നിട്ടുണ്ട്. സീറോ മലബാർ തലവൻ മാർ ആലഞ്ചേരി വസ്തു വിൽപ്പന കേസിൽ പ്രതിയായില്ലേ. സിഎസ്ഐ ബിഷപ്പ് ധർമരാജ് റസാലത്തെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കാരക്കോണം മെഡിക്കൽ കോളേജ് കോഴ, അന്ധികൃത സ്വത്ത് സമ്പാദന കേസിൽ അറസ്റ്റ് ചെയ്തില്ലേ.

ഇന്ത്യയിലെ പെന്തകോസ്ത് സഭകൾ രാജ്യത്തെ സിവിൽ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സഭകളാണ്. സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രാജ്യത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഭകളാണ്. സഭകൾ എല്ലാം തന്നെ ദേശീയ സഭകൾ ആണ്.

രാജ്യത്തിന്റെ ഭരണഘടന അനുസരിച്ച് ഈ രാജ്യത്ത് ആർക്കും ആരാധനാ സ്വാതന്ത്ര്യം ഉണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 14,15 നിയമങ്ങളുടെ സമമായ സംരക്ഷണമാണ് നൽകുന്നത്. ഭരണകൂടം ഒരു പൗരനോടും മതം/ജാതി/ ലിംഗം/ ജനന സ്ഥലം എന്നിവയുടെ പേരിൽ വിവേചനം കാണിക്കാൻ പാടില്ല. ആർട്ടിക്കിൾ 19 പ്രകാരം ആശയ പ്രകാശന/ മനസാക്ഷി സ്വാതന്ത്ര്യവും സമാധാനപരമായി സമ്മേളിക്കാനുള്ള സ്വാതന്ത്ര്യവും നൽകുന്നുണ്ട്. ആർട്ടിക്കിൾ 25,26 പ്രകാരം ആർക്കും ഏത് മതത്തിൽ വിശ്വസിക്കാനും മതം ആചരിക്കാനും മതവിശ്വാസം പ്രചരിപ്പിക്കാനും മതകാര്യങ്ങളുടെ നടത്തിപ്പിനുമുള്ള സ്വാതന്ത്ര്യമുണ്ട്. ആർട്ടിക്കിൾ 29,30 പ്രകാരം ന്യൂനപക്ഷ താൽപര്യങ്ങളുടെ സംരക്ഷണവും സ്ഥാപനങ്ങൾ നടത്താനുള്ള അവകാശവുമുണ്ട്. ഇത് ആരുടെയും ഔദാര്യമല്ല, പൗരന്റെ അവകാശമാണ്.

ഒരു ജനാധിപത്യ സമൂഹത്തിൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന പെന്തകോസ്ത് സഭകൾ നിയമവിരുദ്ധമാണെന്ന് പ്രചരിപ്പിക്കുന്നത് ഉത്തരവാദിത്തപ്പെട്ട മാധ്യമ പ്രവർത്തനമല്ല.

ഇത്തരം വാർത്തകൾ വിശ്വാസി സമൂഹം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയും. വാർത്തകൾ ക്രോസ് ചെക്ക് ചെയ്ത് വസ്തുതകളുടെ വെളിച്ചത്തിൽ മാത്രം റിപ്പോർട്ട് ചെയ്യലാണ് മാന്യമായ മാധ്യമ രീതി. നുണകൾ മാത്രം പ്രചരിപ്പിക്കുന്നത് ജേർണലിസം അല്ല, ജീർണലിസമാണ്.

ജെയ്സ് പാണ്ടനാട്

ഐപിസി ഫാമിലി കോൺഫ്രൻസിന് തുടക്കമായി


നിബു വെള്ളവന്താനം

കാനഡ: 20-ാമത് ഐ.പി.സി. ഫാമിലി കോൺഫ്രൻസിന് അനുഗ്രഹീത തുടക്കമായി. നാഷണൽ കൺവീനർ പാസ്റ്റർ സാം വർഗീസ് കോൺഫറൻസ് ഉത്ഘാടനം ചെയ്തു. കാനഡയിലെ ആൽബർട്ട എഡ്മന്റണിലുള്ള മനോഹരമായ റിവർ ക്രീ റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്.

പാസ്റ്റർ കെ.ജെ. തോമസ് കുമളി, പാസ്റ്റർ പി.ടി. തോമസ്, പാസ്റ്റർ നിരൂപ് അൽഫോൻസ്, സിസ്റ്റർ അക്സാ പീറ്റേഴ്സൺ എന്നിവർ പ്രസംഗിച്ചു. ''ഇതാ അവിടുന്ന് വാതിൽക്കൽ'' എന്നതാണ് കൺവൻഷൻ തീം. കൂടാതെ വടക്കേ അമേരിക്കയിലും കാനഡയിലുമുള്ള മറ്റ് നിരവധി അനുഗ്രഹീത ദൈവദാസന്മാർ സമ്മേളനത്തിലുടനീളം വിവിധ സെക്ഷനുകളിൽ പ്രസംഗിച്ചു. 20 ന് സംയുക്ത സഭായോഗത്തോടെ കോൺഫറൻസ് സമാപിക്കും.

നാഷണൽ സെക്രട്ടറി ഫിന്നി എബ്രഹാം, നാഷണൽ ട്രഷറാർ ഏബ്രഹാം മോനീസ് ജോർജ്, യൂത്ത് കോർഡിനേറ്റർ റോബിൻ ജോൺ, വുമൺസ് കോർഡിനേറ്റർ സൂസൻ ജോൺസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

ഇംഗ്ലീഷിലും കൂടാതെ ആദ്യമായി നടത്തപ്പെടുന്ന ഹിന്ദി സെക്ഷനുകളിലും അവിസ്മരണീയമായ മാധുര്യമേറുന്ന ആത്മീയ ഗാനങ്ങൾ ആലപിക്കാൻ ഷെൽഡൻ ബംഗാരയുടെ നേതൃത്വത്തിൽ മികച്ച ഗായക സംഘം സംഗീത ശുശ്രൂഷകൾ നയിച്ചു. അമേരിക്കയിലും കാനഡയിലുമായി ചിതറിക്കിടക്കുന്ന നൂറുകണക്കിന് ഐപിസി സഭകളിൽ നിന്നുള്ള ആയിരക്കണക്കിന് വിശ്വാസികൾ മഹാസമ്മേളനത്തിൽ പങ്കെടുത്തു.




അതിമനോഹരമായ പ്രകൃതി സൗന്ദര്യത്തിന് പേരുകേട്ട ആൽബെർട്ടയിൽ, ഗാംഭീര്യമുള്ള റോക്കി പാറക്കെട്ടുകൾ മുതൽ ബാൻസ് നാഷണൽ പാർക്ക്, ജാസ്പർ, ലേക്ക് ലൂയിസ് എന്നി പ്രദേശങ്ങളുടെ ശാന്തമായ പ്രകൃതി ദൃശ്യങ്ങൾ വരെ ആസ്വദിക്കുവാൻ കഴിയുന്ന സ്ഥലത്താണ് കോൺഫ്രൻസ് നടന്നത്. കോൺഫറൻസിന്റെ കഴിഞ്ഞ 20 വർഷത്തെ ചരിത്രം ഉൾപ്പെടുത്തിയ സുവനീർ പ്രകാശനകർമ്മം സമ്മേളനത്തിൽ നിർവഹിച്ചു. അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറി പാർത്ത ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ വിശ്വാസികളുടെ ഈ കൂടിവരവ് ഭാരതത്തിന് വെളിയിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ ഐപിസി സമ്മേളനം കൂടിയാണ്.

മഹാരാഷ്ട്രയിലും മതപരിവർത്തന നിരോധന നിയമം നടപ്പാക്കും

മുംബൈ: മഹാരാഷ്ട്ര സംസ്ഥാനത്ത് മതപരിവർത്തനത്തിനെതിരെ ശക്തമായ നിയമം കൊണ്ടുവരാൻ സർക്കാർ പദ്ധതിയിടുന്നതായി മന്ത്രി ചന്ദ്രശേഖർ ബവൻകുലെ സംസ്ഥാന നിയമസഭയിൽ പറഞ്ഞു. മതപരിവർത്തന നിയമം നടപ്പിലാക്കുന്ന 11-ാമത്തെ സംസ്ഥാനമായി മാറുകയാണ് മഹാരാഷ്ട്ര. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ളതിനേക്കാൾ കർശന നിയമങ്ങളാണ് മഹാരാഷ്ട്ര സർക്കാർ ലക്ഷ്യമിടുന്നത്. ആദിവാസി മേഖലകളിൽ ക്രിസ്തുമതത്തിലേക്ക് നിർബന്ധിതമായി മതപരിവർത്തനം നടത്തുന്നതായി ബിജെപി എംഎൽഎമാർ പരാതി ഉന്നയിച്ചതിനെ തുർന്നാണ് മന്ത്രിയുടെ വെളിപ്പെടുത്തൽ. ക്രിസ്തു

(ശേഷം പേജ് 2)



നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ദേശീയ സമ്മേളനം ഓസ്റ്റിനിൽ

സാം മാത്യു ഡാളസ്



ഡാളസ്: വടക്കേ അമേരിക്കയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ദേശീയ കുടുംബ സംഗമത്തിന്റെ മുപ്പതാമത് സമ്മേളനം 2027 ൽ ഓസ്റ്റിനിൽ നടത്തുവാൻ തീരുമാനമായി. ജൂലൈ 10-13 വരെ ന്യൂയോർക്കിൽ നടന്ന ദേശീയ സമ്മേളനത്തിന്റെ പൊതുയോഗത്തിൽ വച്ചാണ് ടെക്സാസ് സംസ്ഥാനത്തിന്റെ തലസ്ഥാന നഗരിയായ ഓസ്റ്റിൻ പട്ടണം തിരഞ്ഞെടുത്തത്.

മൂന്നു ദശകങ്ങൾ പിന്നിടുന്ന സമ്മേളനത്തിന് പുതിയ നേതൃത്വത്തെയും പൊതുയോഗം തിരഞ്ഞെടുത്തു. ദേശീയ ഭാരവാഹികളായി ഓസ്റ്റിൻ ഗേറ്റ് വേ ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ എബ്രഹാം തോമസ് (പ്രസിഡന്റ്), പാസ്റ്റർ എബി തോമസ് ന്യൂയോർക്ക് (വൈസ് പ്രസിഡന്റ്), ഫിന്നി ഫിലിപ്പ് ഫിലദൽഫ്യ (സെക്രട്ടറി), അജി ഇടിക്കുള ഹ്യൂസ്റ്റൺ (ട്രഷറർ), ജെറമി മാത്യു ഡാളസ് (ഇംഗ്ലീഷ് വിഭാഗം കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു. വിവിധ സബ് കമ്മറ്റികളേയും തിരഞ്ഞെടുത്തു. 2027 ജൂലൈ 15-18 വരെയാണ് കോൺഫ്രൻസ് നടത്തുവാൻ തീരുമാനം എന്ന് പുതിയ കമ്മറ്റി അറിയിച്ചു.

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 21▪

അട്ടിമറികൾ ആത്മീയ ലോകത്തും

അണികൾക്ക് പണം കൊടുത്ത് അധികാരം പിടിച്ചെടുക്കുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ തലമുറയുടെ ആത്മീയതയാണെന്നുള്ള കാഴ്ചപ്പാട് ഇവർക്ക് കൈമോശം വന്നിരിക്കുന്നു.



സജി പീച്ചി

കള്ളവും കാപട്യവും വഞ്ചനയും ചതിവും ഇന്ന് ആത്മീയ ലോകത്തിലും സർവ്വ സാധാരണമായി ക്കൊണ്ടിരിക്കുന്നു...! പണ്ട് പൂർവ്വ പിതാക്കന്മാർ സത്യത്തിനും ന്യായത്തിനും വേണ്ടി വിശ്വസ്തതയോടെ നിന്ന ഒരു കാലഘട്ടം പെന്തകോസ്തിന് ഉണ്ടായിരുന്നു. ആത്മീയതയ്ക്ക് അന്ന് വിലയും മൂല്യവുമുണ്ടായിരുന്നു. പണവും പ്രതാപവും ഭൗതീക സൗകര്യങ്ങളും മെച്ചപ്പെട്ടപ്പോൾ പെന്തകോസ്തിന് നിലവാരത്തകർച്ച സംഭവിച്ചോ...? പെന്തകോസ്തിന് നിലവാരത്തകർച്ചയുണ്ടായില്ല. പക്ഷെ പല പെന്തകോസ്ത് പ്രസ്ഥാനങ്ങൾക്കും നിലവാര തകർച്ച സംഭവിച്ചിരിക്കുന്നു.

ആത്മീയരെന്ന വ്യാജേന പെന്തകോസ്തിന്റെ തലപ്പത്ത് ഭരണചക്രം തിരിക്കാൻ കയറിപ്പറ്റിയിരിക്കുന്ന ഭരണാധികാരികൾക്കാണ് യഥാർത്ഥത്തിൽ നിലവാരത്തകർച്ചയുണ്ടായിരിക്കുന്നത്. പെന്തക്കോസ്ത് പ്രസ്ഥാനത്തിന് വേണ്ടി നെഞ്ചും നെറ്റിയും കാട്ടി വിയർപ്പൊഴുക്കിയ പൂർവ്വ പിതാക്കന്മാർ കഷ്ടതയുടെ ഇരിമ്പുലയിലൂടെ പട്ടിണികിടന്നും ദാരിദ്ര്യം അനുഭവിച്ചും പണിതുയർത്തിയതാണ് ഈ പ്രസ്ഥാനം. ഇന്ന് അതിന്റെ അമരത്ത് നിലയുറപ്പിച്ചിരിക്കുന്നവരിൽ പലരും ധനാഢ്യരും സമ്പന്നരും ആത്മീയതതൊട്ടു തീണ്ടിയിട്ടില്ലാത്തവരുമാണ്.

സ്വന്തം തട്ടകം കാക്കാനും പ്രതാപം നിലനിർത്താനും സ്ഥാപിത താൽപ്പര്യങ്ങൾക്കും സ്വാർത്ഥ താൽപ്പര്യങ്ങൾക്കും വേണ്ടി നിലകൊള്ളാനും എന്ത് സാഹസത്തിനും മുതിരുന്നവരാണവർ. സ്ഥാനലബ്ധിക്കുവേണ്ടി കൂടെ ആരാധിക്കുന്നവനെ വെട്ടി നിരത്തി അധികാരം കൈയ്യാളാനും എതിർ ചേരിയിലുള്ളവനെ തറ പറ്റിച്ച് വിജയശ്രീലാളിതനാകാനുമുള്ള ശ്രമം ഒരർത്ഥത്തിൽ ചിലരുടെ കൈയ്യടിക്ക് ഹേതുഭൂതകമാണെന്ന് വന്നാലും ചങ്കു പിളർന്നു രക്തം ചിന്തിയവൻ ക്ഷമിക്കാത്ത മഹാ അപരാധമാണ്.

തങ്ങളുടെ വിജയം ഉറപ്പിക്കാൻ എതിർ ചേരിയിലുള്ളവനെ കരിവാരി തേക്കാൻ മടിയില്ലാത്ത ആത്മീയമായി തഴമ്പിച്ച മനസ്സിനുടമയാണവർ. കാര്യങ്ങൾ അട്ടിമറി നടത്തി സ്വസ്ഥാനങ്ങളിൽ തുടരാനുള്ള വ്യാമോഹമാണ് അവരുടെ അന്തരംഗത്തിൽ കുടികൊള്ളുന്നത്. അത് ദൈവീകമാണോ മാനുഷീകമാണോ സാത്താന്യമാണോ എന്നൊന്നും അവർക്ക് വിഷയമല്ല. ഇന്ന് ഏറ്റവും കൂടുതൽ അട്ടിമറികൾ നടക്കുന്നത് ആത്മീയരുടെ ഇടയിലാണ്. അതാകട്ടെ അഭ്യസ്ഥവിദ്യരെന്നും ആത്മീയരെന്നും വിചാരിക്കുന്നവരുടെ ഇടയിൽ... ഭാരതത്തിൽ ഒരു വലിയ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ കോൺഫറൻസിൽ അരങ്ങേറിയ ആത്മീയ നാടകങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാണ്.

അധികാരത്തിന്റെ ഔന്നത്യങ്ങളിൽ വിഹരിക്കുന്നവർക്ക് തുടർഭരണമുണ്ടാക്കാൻ അവലംബിച്ച കുൽസിത തന്ത്രങ്ങളാണവ. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ മൂന്നു ദിവസത്തെ കോൺഫറൻസിന് രണ്ടാം ദിനം തിരശ്ശീല വീണു. ആത്മീയ ലോകത്തെ ഏറ്റവും വലിയ അട്ടിമറി...! അവിടെ അരങ്ങേറി. ഒരു തരം രാഷ്ട്രീയ നാടകം. ആധുനിക പണ്ടോരിക്കലുമില്ലാത്ത പോലെ പെന്തകോസ്തിൽ രാഷ്ട്രീയ ചാണക്യന്മാർ ഉദയം കൊണ്ടിരിക്കുന്നു. അധികാരത്തിന്റെ മത്ത് തലയിൽ കയറിയവരും അധികാര കസേര വിട്ടുകൊടുക്കാൻ തയ്യാറല്ലാത്തവരുമായ ചിലരാണ് ഇതിന്റെ അണിയറ പ്രവർത്തകർ.

ഇന്നു വരെ കേട്ടുകേഴ്വിയില്ലാത്ത നവീനോപദേശങ്ങളുടെയും ദുരുപദേശങ്ങളുടെയും പ്രായോജകരാണവർ. അവരെ കുറ്റം വിധിക്കാനോ തിരുവായ്ക്ക് എതിർവായ് പറയാനോ ആരുമില്ല എന്നുള്ള അഹന്തയാണ് അവരുടെ ഉള്ളിന്റെയുള്ളിൽ. സമൃദ്ധിയുടെ സുവിശേഷമാണ് അവർ പ്രചരിപ്പിക്കുന്നത്. ഇതൊക്കെ കാണുന്ന പുതിയ തലമുറ ക്രൈസ്തവ വിശ്വാസം വിട്ടു പോകുന്നതിൽ തെറ്റ് പറയാൻ കഴിയില്ല. അമാതൃകയായി കാട്ടുന്ന പ്രവർത്തികളാണ് ഇതെല്ലാം. സാമ്പത്തിക ഉന്നമനം ലക്ഷ്യം വച്ച് കുറെ നാൾ പ്രസ്ഥാനത്തിന്റെ നെറുകയിൽ വിഹരിക്കാനുള്ള വ്യാമോഹമാണ് ഇവരെ ഇതിനെല്ലാം പ്രേരിപ്പിക്കുന്നത്.

അണികൾക്ക് പണം കൊടുത്ത് അധികാരം പിടിച്ചെടുക്കുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ തലമുറയുടെ ആത്മീയതയാണെന്നുള്ള കാഴ്ചപ്പാട് ഇവർക്ക് കൈമോശം വന്നിരിക്കുന്നു.

കവിത

യുവത്വം



പാസ്റ്റർ പ്രതീഷ് ആന്റണി

എന്തിനുമേതിനു ഓടിയെത്തിടുന്നോൻ
എല്ലുമുറിയെ പണിയെടുത്തീടുന്നു
എല്ലാർക്കുമൊപ്പം കാര്യം പറയുവാൻ
എന്താണെന്ന് ചോദിച്ചു മുമ്പേ നടക്കുന്നോൻ
തിന്മകളിലേക്ക് ചായുവാൻ സാധ്യത
ദേഹേച്ഛകളിലേക്ക് വീഴുവാൻ വെമ്പലും
നാഡീ നരമ്പുകൾ വലിഞ്ഞുമുറുക്കീടുന്ന
രാസ ലഹരിയിൽ പതിഞ്ഞവരേറെയും
വളർത്തി വലുതാക്കിയ മാതാപിതാക്കളോ
അൻപോട് കാത്ത രക്തബന്ധങ്ങളോ
വേണ്ടെന്നു വച്ചവരോടിയൊളിക്കുന്നു
ഇരുളിന്റെ കൂട്ടുകാർക്കൊപ്പ മിരിക്കുന്നു
ചതിയുടെ ചങ്ങല പൊട്ടിച്ചെറിയുവാൻ
ചെറിയൊരു ഒളിയിതാ മിന്നി തെളിയുന്നു
അന്തരാത്മാവിൽ തെളിഞ്ഞതാം ജ്വാലയിൽ
അത്ഭുതമായവൻ തിരിഞ്ഞു നടക്കുന്നു.

www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman : James T. Samuel
Managing Editor : Joy Thumpamon
Chief Editor : Finny P. Mathew
Editorial Director : Oommen Ebenezer
General Editor : Pr. Sam T. Mukhathala
Circulation Manager : K. C. Jacob
Overseas Editors : Sunny Thazhampallom
Sheenamol Joseph
General Coordinator : Pr. Binu Cheriyan
Coordinators : George Samuel
: Jose K. Varghese
: Anu Samuel
: Pr. Sajan Easo Plachery

മഹാരാഷ്ട്ര മതപരിവർത്തന നിരോധന നിയമം

(1-ാം പേജ് തുടർച്ച)

മതത്തിലേക്ക് പരിവർത്തനം ചെയ്ത ആദിവാസികളെ തിരികെ കൊണ്ടു വരുന്നതിനും നിയമത്തിൽ നിർദ്ദേശം ഉണ്ടാകും.

മഹാരാഷ്ട്രയിലെ ആദിവാസി മേഖലയായ നന്ദൂർബാർ ജില്ലയിലെ നവാപൂരിൽ മാത്രം 199 അനധികൃത ക്രിസ്ത്യൻ പള്ളികളുണ്ടെന്നും നിയമവിരുദ്ധമായ പള്ളികളെ സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായും അദ്ദേഹം പറഞ്ഞു. ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മിക സംഗമമായ നവാപൂർ കൺവൻഷൻ നടക്കുന്ന പ്രദേശങ്ങളിലുള്ള പള്ളികൾ പൊളിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഉണ്ടാക്കാൻ സാധ്യതയുള്ള നിയമം നിലവിൽ വന്നാൽ ക്രിസ്തീയ മിഷൻ പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിച്ചേക്കും.

ക്രൈസ്തവ മിഷണറിമാരും സംഘടനകളും മഹാരാഷ്ട്രയുടെ സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ അതുല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഗോത്രവിഭാഗക്കാർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ ക്രൈസ്തവ മിഷണറിമാർ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇത് ഒരിക്കലും മതപരിവർത്തനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ആയിരുന്നില്ല.

അടുത്ത ശൈത്യകാല സമ്മേളനത്തിൽ നിയമം പാസാക്കുന്നതോടെ മഹാരാഷ്ട്രയിലെ സുവിശേഷ വിഹിത സഭകളുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാകും. രാജസ്ഥാൻ, ഉത്തരപ്രദേശ്, മധ്യപ്രദേശ്, ഒഡിഷ, ആന്ധ്രാപ്രദേശ്, ചത്തീസ്ഗഢ്, ഗുജറാത്ത്, ഹിമാചൽപ്രദേശ്, ജാർഗണ്ഡ്, ഉത്തരാഗണ്ഡ്, എന്നീ സംസ്ഥാനങ്ങളാണ് ഇതിനകം മതവരിവർത്തന നിയമം പാസാക്കിയത്. ഈ സ്ഥാനങ്ങളിലെല്ലാം മിഷനറിമാർ പീഢനത്തിന് വിധേയരാവുകയും ജയിലിൽ അടക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം



പഠന പരമ്പര 10

പലസ്തീൻ ആരുടേത്? ഭാവി എന്ത്?



ഫിലിപ്പോസ് കുളക്കട
9605498870

ആസ്തികരെല്ലാം ദൈവത്തിന്റെ പിതൃത്വം അംഗീകരിക്കുന്നു. അത് ആത്മിക പിതൃത്വമല്ല, സൃഷ്ടാവ് എന്ന നിലയിലുള്ളതാണ്. ജീവിതത്തിൽ അവർക്ക് ദൈവവുമായി പിതൃപുത്ര ബന്ധമില്ല. ദൈവത്തെ ആത്മിക പിതാവായി അംഗീകരിക്കുന്ന രണ്ട് ജനസമൂഹങ്ങൾ ലോകത്തിലുണ്ട് 1. യെഹൂദൻ (യിസ്രായേല്യർ). 2. സത്യക്രിസ്ത്യാനികൾ (ദൈവസഭ) - ക്രിസ്തു മതസ്ഥർ എന്നല്ല വിവക്ഷ. രണ്ടുകൂട്ടർക്കും ദൈവദത്തമായ നിയമങ്ങളുണ്ട്. അതിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ അവർക്കാവകാശമില്ല. അങ്ങനെ വരുത്തുവാൻ ശ്രമിക്കുന്നവർക്കുള്ള ശിക്ഷകളും പ്രഖ്യാപിച്ചിട്ടുണ്ട്. യിസ്രായേല്യരുടെ നിയമങ്ങൾ പഴയനിയമത്തിലെ ന്യായപ്രമാണമാണ്. (ഉൽപത്തി മുതൽ ആവർത്തനം വരെയുള്ള 5 പുസ്തകങ്ങൾ). അതിനെ അനുഷ്ഠാന നിയമങ്ങൾ (Cerymonial law) ധാർമ്മിക നിയമങ്ങൾ (Moral law) എന്നിങ്ങനെ രണ്ടായി വേർ തിരിച്ചിട്ടുണ്ട്. വരുവാനുള്ളവയുടെ പ്രതീകങ്ങളായിരുന്നു. അതിന്റെ കാലാവധി ക്രിസ്തുവരെ ആയിരുന്നു. ന്യായപ്രമാണത്തിലെ ധാർമ്മിക നിയമങ്ങൾക്ക് കാലാവധിയില്ല. അത് പുതിയനിയമ സഭയുടെയും നിയമങ്ങളാണ്.

ക്രിസ്തു സഭയുടെ നിയമം പുതിയ നിയമമാണ്. ക്രിസ്തുവിന്റെ ഐഹിക ജീവിത കാലത്ത് അവിടുന്ന് പഠിപ്പിച്ചതും അവിടുത്തെ മരണ പുനരുത്ഥാന സ്വർഗാരോഹണശേഷം പരിശുദ്ധാത്മ നിയോഗത്താൽ അപ്പോസ്തോലന്മാർ പഠിപ്പിച്ചതുമാണ് പുതിയനിയമത്തിന്റെ ഉള്ളടക്കം. നിയമങ്ങൾ അനുസരിക്കുന്നവർക്കുള്ള പ്രതിഫലം സംബന്ധിച്ച് ഇരുകൂട്ടരോടുമുള്ള വാഗ്ദാനങ്ങൾ തമ്മിൽ ചില വ്യതിരിക്തതകളുണ്ട്. യിസ്രായേലിന് വാഗ്ദാനം നൽകിയിട്ടുള്ള ത്രിവിധ രാജ്യങ്ങളെക്കുറിച്ച് മുൻ പേജുകളിൽ പരാമർശിച്ചതാണ്. പുതിയനിയമ സഭയ്ക്ക് ഭൗതിക രാജ്യ വാഗ്ദാനങ്ങളില്ല. അത് മനസിലാകാത്തതാണ് നമ്മുടെ വേദജ്ഞരും പ്രസംഗകരും സഹസ്രാബ്ദയുഗ ഭരണത്തിനായും പുതിയ ഭൂമിയിലെ ഭരണത്തിനായും ഇപ്പോഴെ കച്ച കെട്ടുന്നത്.

വേദപഠനം, വിശേഷാൽ ഭാവികാല ശാസ്ത്ര പഠനം സാധാരണ സഭാംഗങ്ങൾക്ക് സുഖകരമല്ല. രക്ഷാപൂർത്തി പ്രാപിക്കുവാൻ അനുസരിക്കേണ്ട കൽപനകളൊഴികെയുള്ള വേദശാസ്ത്ര പഠനം അവർക്ക് അനുവാര്യവുമല്ല. എന്നാൽ സഭാ നടത്തിപ്പുകാരും ഉപദേഷ്ടാക്കളും ഉപദേശ വിഷയങ്ങളിൽ നിപുണരായിരിക്കണം. അല്ലെങ്കിൽ അവരുടെ ഉപദേശങ്ങൾ തങ്ങൾക്കും തങ്ങളുടെ ഉപദേശം കേൾക്കുന്നവർക്കും നാശകാരണമാകും. നിന്നെ തന്നെയും ഉപദേശത്തേയും സൂക്ഷിച്ചുകൊള്ളുക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും (1തിമൊ. 4:16). അതിന്റെ മറുവശം അങ്ങനെ ചെയ്തില്ലെങ്കിൽ നീ നിന്നെ തന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കുകയില്ല അഥവാ നശിപ്പിക്കും എന്നാണ്.

അപ്പോസ്തോലിക കാലത്തു തന്നെ സഭയിൽ വിവിധ ഉപദേശങ്ങൾ കടന്നുകൂടിയിരുന്നു. അതിനെ പൊതുവെ രണ്ടായി തിരിക്കാം. 1. പത്ഥ്യോപദേശം 2. അന്യഥാ ഉപദേശം - രണ്ടിനും പര്യായ പദങ്ങളുണ്ട്.

1. പത്ഥ്യോപദേശം: 1തിമൊ. 1:10; തീത്തോ. 2:1. പത്ഥ്യവചനം 1തിമൊ. 6:3; 2തിമൊ. 1:13; തീത്തോ. 1:8 സത്യവചനം: 2തിമൊ. 2:15. സദുപദേശം: 1തിമൊയ. 4:6.

2. അന്യഥാ ഉപദേശം: 1തമൊ. 1:3; 6:3. ഭൂതങ്ങളുടെ ഉപദേശം: 1തിമൊ. 4:1. വിപരീതോപദേശം: അപ്പോ. 20:30; ദുരുപദേശം: 2പത്രോ. 2:1.

പത്ഥ്യം എന്നർത്ഥം വരുന്ന എബ്രായ പദം Rapha എന്നാണ്. be healed be fresh എന്നർത്ഥം. ഗ്രീക്കിൽ ഹ്യൂഗിയീസ് എന്നത് നാമവിശേഷണവും സൗഖ്യമാക്കുന്ന ഹ്യൂഗീയായിനോ എന്നത് ക്രിയാപദവും (സൗഖ്യമാക്കുക) ആണ്. എന്നുവെച്ചാൽ പത്ഥ്യോപദേശം മനുഷ്യന് ആത്മീകവും ശാരീരികവും മാനസീകവുമായ ആരോഗ്യവും നിത്യജീവനും നൽകുമ്പോൾ വിപരീതോപദേശം സകല വിധത്തിലും അനാരോഗ്യവും നിത്യമരണവും നൽകുന്നതാണ്.

അന്യഥാ എന്നതിന്റെ മറ്റ് വാക്ക് സ്വന്തമായത് (അന്യമല്ലാത്തത്) എന്നാണ്. സഭയ്ക്ക് സ്വന്തമായ ഒരു ഉപദേശമുണ്ട്. നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപം എന്നൊരു പ്രയോഗം റോമ. 6:17 ൽ കാണുന്നു. That form of doctrine (K.J.V.). The form of Teaching (N.I.V.). ആ ഉപദേശേ രൂപം എങ്ങനെയുണ്ടായി? ആരാണ് അതിന് രൂപം കൊടുത്തത്? അത് ലോക സ്ഥാപനത്തിനു മുമ്പേ ദൈവം പ്ലാൻ ചെയ്തതും പണ്ട് ഭാഗം ഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളി ചെയ്തതും പുത്രനായ ക്രിസ്തു മുഖാന്തിരം അരുളി ചെയ്തതും അവിടുത്തെ മരണ, പുനരുത്ഥാന, സ്വർഗാരോഹണത്തിനുശേഷം പരിശുദ്ധാത്മ നിയോഗത്താൽ അപ്പോസ്തോലന്മാർ അറിയിച്ചതുമാണ്. അപ്പോസ്തോലിക കാലത്ത് തന്നെ അത് രൂപീകരിക്കപ്പെട്ടിരുന്നു എന്ന് ''നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപം'' എന്ന പ്രയോഗം തെളിയിക്കുന്നു. അതിന് രൂപഭേദം വരുത്തുവാൻ സഭയ്ക്ക് അവകാശമില്ല.

ഉപദേശം സഭയെ പഠിപ്പിക്കണം

നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപം (റോമ. 6:17). നിങ്ങൾ പഠിച്ച ഉപദേശം (റോമ. 19:17). വചനം പഠിക്കുന്നവൻ, പഠിപ്പിക്കുന്നവൻ (ഗലാ. 6:6). മറ്റുള്ളവരേയും പഠിപ്പിക്കേണ്ടതിന് (1കൊരി. 14:19). ഇങ്ങനെ നിങ്ങൾ-പഠിച്ചിട്ടുണ്ടല്ലോ (കൊലോ.1:7). നീയോ ഇന്നവരോട് പഠിച്ച് എന്നോർക്കുകയും (2തിമൊ. 3:14) നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ (2തിമൊ. 3:15).

ഞാൻ അറിയിച്ച സുവിശേഷം മനുഷ്യരോടും പ്രാപിച്ചിട്ടില്ല പഠിച്ചിട്ടുമില്ല എന്ന് പൗലോസ് ഗലാത്യ സഭയ്ക്ക് എഴുതിയിട്ടുണ്ട് (1:11-12). അതിനെ ആധാരമാക്കി മനുഷ്യർ ആരെയും വചനം പഠിപ്പിക്കേണ്ടതില്ലെന്നും മനുഷ്യരിൽ നിന്നും പഠിക്കേണ്ടതില്ലെന്നും മനുഷ്യരിൽ നിന്നും പഠിച്ചാൽ അത് മാനുഷീകമാണെന്നും പരിശുദ്ധാത്മാവിൽ നിന്നും നേരിട്ട് പഠിച്ചിട്ടാണ് പ്രസംഗിക്കേണ്ടതൊന്നും പ്രസംഗിക്കുന്നവരുണ്ട്. മനുഷ്യരിൽ നിന്നും പഠിച്ചേ മതിയാകു എന്നു പറയുന്നില്ല. എന്നാൽ പൗലോസ് ദൈവത്തിൽ നിന്നും പഠിച്ചതുപോലെയാണ് എല്ലാവരും പഠിക്കേണ്ടതെങ്കിൽ പൗലോസ് എന്തിനാണ് മറ്റുള്ളവരെ പഠിപ്പിച്ചത് എന്ന ചോദ്യത്തിന് മറുപടി കിട്ടണം. അതു മാത്രം പോരാ. പൗലോസിന്റെ പ്രസംഗം സംവാദിച്ച് സമ്മതിപ്പിക്കുന്നതായിരുന്നു (അപ്പോ. 17:18; 18:4ച 19:8). അതുപോലെ പരിശുദ്ധാത്മാവിൽ നിന്നാണ് പഠിക്കുന്നതെന്നവകാശപ്പെടുന്നവർ സംവാദത്തിന് തയ്യാറാകണം. തങ്ങളുടെ സിദ്ധാന്തം ശരിയാണെന്ന് സമർത്ഥിക്കാൻ കഴിയുന്നില്ലെങ്കിൽ തങ്ങളെ പഠിപ്പിക്കുന്നത് പരിശുദ്ധാത്മാവല്ല, അശുദ്ധാത്മാവാണെന്ന് സമ്മതിക്കണം. നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയുവാൻ എപ്പോഴും ഒരുങ്ങിയിരിക്കുവിൻ എന്ന് വി. പത്രോസും എഴുതിയിട്ടുണ്ടല്ലോ

മനുഷ്യരിൽ നിന്നും പഠിച്ചിട്ടില്ല, താൻ പറയുന്നതെല്ലാം പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നതാണെന്ന് അവകാശപ്പെടുന്നവരിൽ ആരെങ്കിൽ തന്റെ സിദ്ധാന്തത്തെ ചോദ്യം ചെയ്യുന്നവരോട് സൗമ്യതയോടെ പ്രതിവാദം പറയാൻ തയ്യാറാകുകയും തന്റെ സിദ്ധാന്തം വേദാനുസരണമാണെന്ന് സമർത്ഥിക്കയും ചെയ്താൽ മറ്റുള്ളവരേക്കാളധികം ഞാൻ അവരെ ആദരിക്കാം. അതിന് തയ്യാറാകാത്തവരുടെ സിദ്ധാന്തം പൈശാചികമാണെന്ന് എഴുതാൻ കഴിയുന്ന കാലത്തോളം തുടർന്ന് എഴുതേണ്ടി വരും. എന്റെ ഈ ലഘു ഉദ്യമത്തിൽ ഒരാളെങ്കിലും സത്യം ഗ്രഹിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനാകും. അതിന് ദൈവം ഇടയാക്കട്ടെ എന്ന പ്രാർഥനയോടെ!

''ലോകം വളരെ സഹിക്കുന്നുണ്ട്. ചീത്തയാളുകളുടെ അക്രമം
കൊണ്ടല്ല; മറിച്ച് നല്ലയാളുകളുടെ നിശബ്ദതകൊണ്ട്'' :നെപ്പോളിയൻ

(അവസാനിച്ചു)



"ലോകം വളരെ സഹിക്കുന്നുണ്ട്. ചീത്തയാളുകളുടെ അക്രമം കൊണ്ടല്ല; മറിച്ച് നല്ലയാളുകളുടെ നിശബ്ദതകൊണ്ട്"

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

താലന്തു പരിശോധനകളുടെ താളം തെറ്റുമ്പോൾ..!



ദാനിയേൽ ജേക്കബ്
9947217972

വിവിധ സഭാ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ലോക്കൽ തലം മുതൽ സംസ്ഥാന തലം വരെയുള്ള താലന്ത് പരിശോധനകൾ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കുഞ്ഞുങ്ങളിലും യുവജനങ്ങളിലും ദൈവം നൽകിയ താലന്തുകൾ പരിപോഷിപ്പിച്ച് അവരെ തികഞ്ഞ ആത്മികരാക്കിയെടുക്കുന്നതിനും അവർ കർത്താവിന്റെ സാക്ഷികളാത്തീരുന്നതിനുമായി ദീർഘദർശികളായ പിതാക്കന്മാർ നടപ്പാക്കിയതാണ് താലന്ത് പരിശോധന. അടുത്ത കാലം വരെ അത് നല്ല രീതിയിൽ തുടരുകയും ചെയ്തു. എന്നാലിപ്പോൾ അതിന്റെ രൂപവും ഭാവവും ആകെപ്പാടെ മാറിയിരിക്കുന്നു (കാലത്തിനൊത്ത് മാറണമല്ലോ). ആദ്യം പേരുതന്നെ മാറ്റി. താലന്ത് പരിശോധന, താലന്ത് മത്സരമാക്കി.

മത്സരമാകുമ്പോൾ അതിന്റെ ചൂടും വാശിയുമൊക്കെ വേണമല്ലോ. മത്സര ഇനങ്ങളും മാറ്റണമല്ലോ, മാറ്റി. കേവലം സംഗീതവും വാക്യം പറച്ചിലും എഴുത്തും പോരാ. അതൊക്കെ പഴയ മോഡൽ. നൃത്തം, കഥകളി, നാടകം, കഥാപ്രസംഗം, കോൽകളി..... തുടങ്ങിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തി. കൊള്ളാം, കുട്ടികൾക്കും സന്തോഷം, കാണികൾക്കും സന്തോഷം. ശുശ്രൂഷകന്മാരുൾപ്പെട എല്ലാവരും പുതിയ മോഡലിന് ഓശാന പാടി. അങ്ങനെ അനാത്മിക കലാപരിപാടികളാൽ താലന്ത് മത്സരം തകർത്തു മുന്നേറിക്കൊണ്ടിരിക്കുന്നു. പുതിയ മത്സര ഇനങ്ങളിൽ തിരുവാതിരകളിയും, ഒപ്പനയും കൂടെ ഉൾപ്പെടുത്തിയാൽ കുറേക്കൂടെ നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു. അത്തരം ഇനങ്ങൾ കൂടെ ചേർത്താൽ പേരിന് പിന്നെയും നമുക്കൊരു മാറ്റം വരുത്താം. 'സണ്ടേസ്കൂൾ കലോത്സവം' 'യുവജന കലോത്സവം' എങ്ങനെയുണ്ട്? ഇപ്പോൾത്തന്നെ അങ്ങനെ പേരിടാം.

ഇനിയും താലന്ത് മത്സരത്തിന്റെ ഗുണവിശേഷങ്ങൾ നോക്കാം. ആദ്യനാളുകളിലെ താലന്ത് പരിശോധ തികച്ചും ആത്മിയാന്തരീക്ഷത്തിലാണ് നടന്നിരുന്നത്. യാതൊരു അപസ്വരങ്ങളും അന്ന് കേട്ടിരുന്നില്ല. ഒന്നാം സ്ഥാനം നേടുകയല്ല, കർത്താവ് തന്ന താലന്തുകൾ പൊതു സദസ്സിൽ പ്രകടിപ്പിക്കുക എന്നതായിരുന്നു പ്രധാന ചിന്ത. ആ നിലയിലായിരുന്നു ബന്ധപ്പെട്ടവർ അവരെ പരിശീലിപ്പിച്ചിരുന്നത്. അന്നൊക്കെ ജൂണിയർ തലത്തിലെത്തുമ്പോൾത്തന്നെ കുട്ടികൾ രക്ഷിക്കപ്പെട്ട് സ്നാനമേൽക്കുമായിരുന്നു. മുതിർന്ന തലത്തിലെത്തുമ്പോൾ പലരും സുവിശേഷ വേലയ്ക്കായി സമർപ്പിക്കുമായിരുന്നു. ആത്മിയ നിലവാരം മെച്ചപ്പെടുത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

ഇന്നത്തെ താലന്ത് മത്സര നടത്തിപ്പിനെ കുറിച്ച് എഴുതാതിരിക്കുന്നതാണ് നല്ലതെന്നു ചിലപ്പോൾ തോന്നിപ്പോകും. എങ്കിലും അനുഭവം ഉള്ളതിനാൽ ചില കാര്യങ്ങൾ കുറിക്കാതിരിക്കാൻ വയ്യാ! ആത്മിയത തൊട്ടു തീണ്ടിയിട്ടില്ലാത്ത നിലയിലാണ് മിക്കയിടങ്ങളിലും താലന്ത് മത്സരങ്ങൾ നടക്കുന്നത്. സംസാരവും പ്രവൃത്തിയും തനി ജഡികന്മാരുടേത്. എല്ലാവരുമെന്ന് പറയുന്നില്ല. മത്സര തീയതി നിശ്ചയിച്ചു കഴിഞ്ഞാൽ പിന്നെ വലിയ ഉണർവ്വാണ്. എന്തിനെന്നല്ലേ? ഒന്നാം സ്ഥാനത്തെത്താൻ ഏതെല്ലാം അടവുകൾ പയറ്റണം! ആരെയെല്ലാം ചാക്കിടണം! മാർക്കിടുന്നവരെ എങ്ങനെയെല്ലാം സ്വാധീനിക്കാം! കൂടെ മത്സരിക്കുന്നവർക്ക് എങ്ങനെയെല്ലാം പാരപണിയാം! സമയമാകുമ്പോൾ ഇതെല്ലാം ഉഗ്രങ്ങാവത്തോടെ വെളിപ്പെടും. ചുരുക്കി പറഞ്ഞാൽ ഇന്നത്തെ ഭൂരിഭാഗം തലാന്തു മത്സരങ്ങലും അസത്യത്തിന്റെയും, അനീതിയുടെയും അസഹിഷ്ണതയുടെയും, അധാർമ്മികതയുടെയും, അസമാധാനത്തിന്റെയും അടിപിടിയുടെയും കൂത്തരങ്ങായി മാറുകയാണ് പതിവ് എന്നു പറഞ്ഞാൽ കല്ലെറിയുമെങ്കിലും അതല്ലെ സത്യം?



താലന്ത് മത്സരം കഴിയുമ്പോൾ സ്ഥലം സഭയ്ക്കുള്ളിൽത്തന്നെ പൊട്ടിത്തെറി ആരംഭിക്കും. ഭിന്നതയായി, വൈരാഗ്യമായി, അസൂയയായി, തമ്മിൽത്തല്ലായി. മേൽഘടകത്തിന്റെ കാര്യം പറയുകയും വേണ്ടാ. പരസ്പര സ്നേഹവും ഐക്യതയും തല്ലിക്കെടുത്തുവാനേ ഇന്നത്തെ താലന്ത് മത്സരങ്ങൾ ഉപകരിക്കുന്നുള്ളു. ട്രോഫി വാങ്ങുക എന്ന ഏക ലക്ഷ്യമേ ഏവർക്കുമുള്ളു. ആത്മീകവശം ആകെ പുറന്തള്ളി. മക്കളിൽ ആത്മിക ചൈതന്യം ഒന്നുമുണ്ടായില്ലെങ്കിലും കുഴപ്പമില്ല, ട്രോഫി കിട്ടിയാൽ മതി. ഇടയ്ക്ക് കുറിക്കട്ടെ, ചേർന്ന മത്സരങ്ങളിലെല്ലാം ഒന്നാം സ്ഥാനം നേടിയ ഒരു സീനിയർ മത്സരാർത്ഥി 21 വയസ്സായിട്ടും മാനസാന്തരപ്പെടുകയോ സ്നാനപ്പെടുകയോ ചെയ്തിട്ടില്ല, എന്നുമാത്രമല്ല, താലന്ത് മത്സരത്തിൽ ഡാൻസു ചെയ്ത് കൂടുതൽ മിന്നാൻ നൃത്തം പഠിക്കാൻ പോകണമെന്ന് പറഞ്ഞ് വീട്ടിൽ ബഹളമുണ്ടാക്കുകയും ചെയ്തു (ഇത് നടന്ന പെന്തെക്കോസ്ത് കുടുംബത്തെ നേരിട്ടറിയാവുന്നതിനാലാണ് തെളിവായി കുറിക്കുന്നത്). സണ്ടേസ്കൂൾ തലം മുതൽ സീനിയർ തലം വരെ പഠിച്ച്, മത്സരിച്ച് ട്രോഫി വാങ്ങിയതുകൊണ്ട് ഈ കുട്ടിക്ക് എന്തു പ്രയോജനം? ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്ന് വായനക്കാർക്ക് അറിയാമല്ലോ?


ആന്തരിക സത്തയെ അവഗണിച്ച് ബാഹ്യമായതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഈ പ്രയാണം അപകടത്തിലേക്കാണ് പോകുന്തെന്ന കാര്യം ആത്മിയരെങ്കിലും ഓർത്തിരിക്കണം ഉദ്ദേശ ശുദ്ധിയില്ലാത്ത ലക്ഷ്യം തെറ്റിയുള്ള ഈ പോക്ക് ദൂരവ്യാപകമായ ഭവിഷ്യത്ത് വരുത്തി വയ്ക്കും എന്നതിന് സംശയമില്ല. ഇന്നത്തെ തലമുറയുടെ അവസ്ഥ ഏവർക്കും അറിവുള്ളതാണല്ലോ. ആരെയും ഭയപ്പെടുത്തുന്ന അനുഭവങ്ങളാണല്ലോ കൊച്ചുകുട്ടികളിൽപോലും കാണുന്നത്. ഇതിന്റെ നടുവിൽ നമ്മുടെ തലമുറ ദൈവമുള്ളവരും നല്ല മാതൃകയുള്ളവരുമായിത്തീരേണ്ടത് ആവശ്യമാണ്. അതിനായിരിക്കണം നമ്മുടെ കൂടി വരവുകൾ.

ചിരിപ്പിക്കുകയല്ല, ചിന്തിപ്പിക്കുന്നതാണ് ശരിയായ ആത്മീയ വീക്ഷണം. മുകളിൽ സൂചിപ്പിച്ച ദുരവസ്ഥകളിൽ നിന്നും കുഞ്ഞുങ്ങളെയും യുവജനങ്ങളെയും കരകയറ്റുന്നതിനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. ഉണർന്ന് ചിന്തിക്കാനും പ്രവർത്തിക്കുവാനുമുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ദൈവനാമ മഹത്വത്തിനായി ആവശ്യമായ തിരുത്തലുകൾ വരുത്താം. ആദിയിലെപ്പോലെ ആത്മിയാന്തരീക്ഷത്തിൽ താലന്ത് പരിശോധനകൾ നേരോടും നീതിയോടും നടക്കുന്നതിന് ബന്ധപ്പെട്ടവരെ ബോധവൽക്കരിക്കാം. ദൈവവചനത്തിന് നിരക്കാത്തതും അനാത്മികവുമായ ഇനങ്ങൾ താലന്ത് പരിശോധനയിൽ നിന്നും നീക്കം ചെയ്യാം. താലന്ത് പരിശോധന ഒരു ആത്മിയ ശുശ്രൂഷയാണെന്ന് കുട്ടികളെയും മുതിർന്നവരെയും ഓർമ്മപ്പെടുത്താം. ഇതിലൂടെ വാശിയും വൈരാഗ്യവുമല്ല, സ്നേഹവും ഐക്യതയുമാണ് കൈവരിക്കേണ്ടതെന്ന് ബോധ്യപ്പെടുത്താം. കൂട്ടായ പ്രവർത്തനത്തിലൂടെയും പ്രാർഥനയിലൂടെയും നമ്മുടെ താലന്ത് പരിശോധനകൾ ദൈവനാമ മഹത്വത്തിനും ഏവരുടെയും ആത്മിക വർദ്ധനയ്ക്കും ഉതകുവാൻ നമുക്ക് ഉത്സാഹിക്കാം. സർവ്വ കൃപാലുവായ ദൈവം നമ്മെ സഹായിച്ച് അനുഗ്രഹിക്കുമാറാകട്ടെ!

PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com



സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

പഠനം

ഹാബേലിന്റെ രക്തവും യേശുക്രിസ്തുവിന്റെ പുണ്യാഹ രക്തവും



അനീഷ്
കൊല്ലംകോട്

ഹാബേലിന്റെ രക്തം നിലവിളിച്ചത്, തന്നെ ക്രൂരമായി കൊലചെയ്ത കായീനോട് പ്രതികാരം ചെയ്യാനായിരുന്നു. ഈ ലോകത്തിലെ മാനുഷിക തത്വമനുസരിച്ച് ഹാബേലിന്റെ രക്തം നിലവിളിച്ചത് തികച്ചും ന്യായത്തിനും നീതിയ്ക്കും വേണ്ടിത്തന്നെയായിരുന്നു. ഹാബേലിന്റെ രക്തം എന്നത് മോശയിലൂടെ ലഭിച്ച പഴയ നിയമത്തെ പ്രതിനിധാനം ചെയ്യുന്നു. കൊലപാതകിയ്ക്ക് എതിരെ നിലവിളിക്കുന്ന ഹാബേലിന്റെ രക്തം എന്നാൽ പാപിക്ക് എതിരെ വാദിക്കുന്ന ന്യായപ്രമാണം എന്ന് അർത്ഥം. ഏതു കുറ്റവാളിയും ശിക്ഷിക്കപ്പെടണം അതാണ് ന്യായപ്രമാണം ഓഫർ ചെയ്ത നീതി.

ചുരുക്കിപ്പറഞ്ഞാൽ, ആദമിന്റെ സന്തതിയായി ജനിച്ച സകല മനുഷ്യരും ന്യായപ്രമാണമനുസരിച്ച് കൊല്ലപ്പെടേണ്ട പാപികൾ എന്നർത്ഥം. കൈപ്പത്തി ചെത്തിയെടുത്തവനും തലയറുത്തവനും കാൽ വെട്ടിയെടുത്തവനും എന്നു വേണ്ട വ്യഭിചാരിയും, മോഷ്ടാവും, ദ്രവ്യാഗ്രഹിയും എല്ലാം അതിൽ പെടും. അതായത്, ആദമിൽ പിറന്ന ഒരുത്തനും രക്ഷയില്ല. എല്ലാവരും പാപികളായി, അതുകൊണ്ട് തന്നെ എല്ലാവരും മരണയോഗ്യരാണ്.

നിയമം അനുസരിച്ച് രക്ഷപ്പെടാം എന്നാരെങ്കിലും ചിന്തിച്ചാൽതന്നെ പാപ ജഡത്തിൽ ജീവിക്കുന്നവന് ഒരിക്കലും പ്രമാണം അനുസരിച്ച് രക്ഷ നേടുക അസാധ്യം എന്ന് നമ്മുടെ പൂർവീകർ തിരിച്ചറിഞ്ഞതിന്റെ അനുഭവ കുറിപ്പായി പഴയ നിയമം നിലകൊള്ളുന്നു. അത് ആ നിലയിൽ തെളിയിച്ചു കൊടുക്കാൻ തന്നെയായിരുന്നു മനുഷ്യന്റെ തന്നെ യുക്തിയിലുദിച്ച ന്യായപ്രമാണത്തെ കുറെ കാലത്തേക്ക് ദൈവം അറ്റസ്റ്റ് ചെയ്തു നൽകിയത്.

ഒന്നിൽ പിഴച്ചാൽ എല്ലാറ്റിലും പിഴച്ചു എന്ന ന്യായപ്രമാണ തത്വത്തിനു മുന്നിൽ പിടിച്ചു നിൽക്കാനാവാതെ പഴയ നിയമ ഭക്തൻ വാവിട്ടു നിലവിളിച്ചു. ആ രോദനത്തിന്റെ പ്രതിധ്വനിയാണ് വിശുദ്ധ പൗലോസിലൂടെ പിന്നീട് മുഴങ്ങി കേൾക്കുന്നത് 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ, ഈ പാപത്തിന്/മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും'. ചുരുക്കത്തിൽ, ഹാബേലിന്റെ രക്തം അഥവാ ന്യായപ്രമാണം നീതി ഓഫർ ചെയ്തെങ്കിലും എല്ലാവരും പാപികളും മരണയോഗ്യരും ആണെന്ന തിരിച്ചറിവാണ് അതിലൂടെ ലഭിച്ചത്. ആർക്കും ആരെയും കുറ്റം വിധിക്കാനോ വെല്ലുവിളിക്കാനോ നീതി അവകാശപ്പെടാനോ കഴിയാത്ത സ്ഥിതി വിശേഷം.

ദൈവത്തിന്റെ കൃപയാൽ അല്ലാതെ ആർക്കും ജീവിക്കാൻ കഴിയില്ലെന്ന യാഥാർഥ്യ ബോധത്തിൽ എത്തിയ മനുഷ്യൻ ജീവിപ്പിക്കുന്ന പ്രമാണത്തിനു വേണ്ടി കൊതിച്ചു. മനുഷ്യനെ രക്ഷിക്കാൻ ഭൂമിയിലെ ഒരു സംവിധാനത്തിനും കഴിയില്ലെന്ന തിരിച്ചറിവിൽ ദൈവ കൃപയെ സ്വപ്നം കണ്ട മനുഷ്യനിലേയ്ക്ക് സ്വർഗ്ഗം വെടിഞ്ഞ് ഇറങ്ങി വരുന്ന ദൈവത്തിന്റെ കൃപാ പൂർവ്വമായ ഇടപെടലാണ് യേശുക്രിസ്തുവും തന്റെ രക്തം കൊണ്ട് ഉറപ്പിച്ച പുതിയ നിയമവും.

ഹാബേലിന്റെ രക്തം എല്ലാവരെയും പാപികളും നരയോഗ്യരും ആക്കുമ്പോൾ ക്രിസ്തുവിന്റെ പുണ്യാഹ രക്തം ഏതു പാപിക്കും സൗജന്യമായി നീതി വാഗ്ദാനം ചെയ്യുകയും സ്വർഗ്ഗത്തിന്റെ അവകാശിയാക്കുകയും ചെയ്യുന്നു. ഹാബേലിന്റെ രക്തം ഒരാളെ പാപി എന്നു മുദ്രകുത്തുമ്പോൾ ക്രിസ്തുവിന്റെ രക്തം ഏതൊരു വ്യക്തിയ്ക്കും കൃപയാൽ വിശുദ്ധൻ എന്ന വിശേഷണം നൽകുന്നു. ഹാബേലിന്റെ രക്തം പാപിയെ ശിക്ഷിക്കുന്നു യേശുവിന്റെ രക്തം പാപിയെ രക്ഷിക്കുന്നു. ഇവ തമ്മിലുള്ള താരതമ്യത്തിൽ പാപിയെ ശിക്ഷിക്കുന്നതല്ലേ മെച്ചം എന്ന തോന്നൽ സ്വാഭാവികം. പക്ഷേ, അവിടെയൊരു പ്രശ്നം ഉള്ളത്, പാപമില്ലാത്തവരായി ക്രിസ്തു ഒഴികെ ഭൂമിയിൽ ആരും ഇല്ല എന്നതാണ്. വാസ്തവത്തിൽ മനുഷ്യൻ അഭിമാനത്തോടെ കയ്യിൽ പിടിച്ചു നടന്ന പ്രമാണം അവനെതന്നെ മരണശിക്ഷയ്ക്ക് വിധിക്കുന്ന പ്രമാണമായിരുന്നു. ഈ താരതമ്യത്തിൽ ഏതൊരു വ്യക്തിയ്ക്കും അനുയോജ്യം ന്യായപ്രമാണം ഉപേക്ഷിച്ച് യേശുവിന്റെ പുതിയ ഉടമ്പടിയിൽ പങ്കാളിയാവുകയാണ്. ഈ ഉടമ്പടിയുടെ പ്രത്യേകത ഇത് ക്രിസ്തുവിന്റെ രക്തം കൊണ്ട് സ്ഥാപിച്ചതും പാപിയെ രക്ഷിക്കുന്ന കൃപയുടെ ഉടമ്പടിയും കൂടിയാണ് എന്നതാണ്. ഈ ഉടമ്പടിയിൽ ശിക്ഷയെക്കുറിച്ചുള്ള ഭയമില്ല. വചനം പറയുന്നു, ഇപ്പോൾ ക്രിസ്തേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.

NB: ന്യായപ്രമാണമനുസരിച്ച് ശിക്ഷ വിധിക്കുന്ന പ്രമാണിയുൾപ്പടെ ആ പ്രമാണപ്രകാരം മരണയോഗ്യൻ എന്നു ക്രിസ്തു സാക്ഷ്യപ്പെടുത്തുന്നു. അതിന്റെ നേർ കാഴ്ചയാണ് നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ എന്ന ക്രിസ്തുവിന്റെ പ്രസ്താവന.

അതേസമയം, അഹന്തയും സ്വയാശ്രയവും വിട്ട് ക്രിസ്തുവിന്റെ പുണ്യാഹ രക്തത്തിൽ ആശ്രയിക്കുന്നവർക്ക് ശിക്ഷാവിധി ഇല്ലെന്നു മാത്രമല്ല, അവർ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളുടെ കൂട്ടാളികളും ആയിത്തീരുന്നു. ഈ മർമ്മം വലിയത്. 'ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന ക്രിസ്തുവിന്റെ പുണ്യാഹ രക്തത്തിന്റെ അടുക്കലേക്കത്രെ നമ്മൾ വന്നിരിക്കുന്നത്'.

ജപമാലയുടെ ദൈവ ശാസ്ത്രം



പാസ്റ്റർ സുമൻ ഏബ്രഹാം
9895767533

കത്തോലിക്കാ സഭയിൽ, വിശ്വാസം ശക്തിപ്പെടുത്തുന്നതിനും, തിന്മയെ ചെറുക്കുന്നതിനും, ആത്മീയമായി വളരുന്നതിനും, സമൂഹത്തിന് പൊതുവെ പ്രയോജനം ചെയ്യുന്നതിനുമുള്ള ഒരു മാർഗമായി ജപമാല ചൊല്ലൽ പ്രോത്സാഹിപ്പിച്ചു വരുന്നു. ജപമാലയിലെ ചില പ്രാർത്ഥനകൾ തിരുവെഴുത്തധിഷ്ഠിതമാണെങ്കിലും, 'നന്മ നിറഞ്ഞ മറിയമേ' എന്നതിന്റെ രണ്ടാം പകുതി മുഴുവനും 'നന്മ നിറഞ്ഞ രാജ്ഞീ' എന്നതിന്റെ ഭാഗങ്ങളും വ്യക്തമായി ബൈബിൾ വിരുദ്ധമാണ്. നന്മ നിറഞ്ഞ മറിയമേ എന്നതിന്റെ ആദ്യഭാഗം ലൂക്കോസ് 1:28-ൽ നിന്നുള്ള നേരിട്ടുള്ള ഉദ്ധരണിയാണെങ്കിലും , (1) മറിയയോട് പ്രാർത്ഥിക്കുന്നതിനോ, (2) അവളെ 'വിശുദ്ധ' എന്ന് അഭിസംബോധന ചെയ്യുന്നതിനോ, (3) അവളെ 'ഞങ്ങളുടെ ജീവിതം' എന്നും 'ഞങ്ങളുടെ പ്രത്യാശ' എന്നും വിളിക്കുന്നതിനോ ഒരു തിരുവെഴുത്തു അടിസ്ഥാനവുമില്ല.

ജപമാല ചൊല്ലുന്നതിൽ ബൈബിൾ ഒരിക്കലും മറിയയ്ക്ക് നൽകാത്ത ഗുണങ്ങൾ ഉൾപ്പെടുന്നു. മറിയയെ 'വിശുദ്ധ' എന്ന് വിളിക്കുന്നത് - മറിയ ഒരിക്കലും പാപം ചെയ്തിട്ടില്ല അല്ലെങ്കിൽ യഥാർത്ഥ പാപത്തിന്റെ കളങ്കം ഉണ്ടായിരുന്നില്ല എന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു - ബൈബിളല്ല. ബൈബിൾ എല്ലാ വിശ്വാസികളെയും 'വിശുദ്ധന്മാർ' എന്ന് വിളിക്കുന്നു, അതിനെ 'വിശുദ്ധന്മാർ' എന്ന് വ്യാഖ്യാനിക്കാം, എന്നാൽ വിശ്വാസികൾക്കുള്ള നീതി ക്രിസ്തുവിൽ നിന്നുള്ള നീതിയാണെന്ന് തിരുവെഴുത്ത് പറയുന്നു (2 കൊരിന്ത്യർ 5:21). ഈ ജീവിതത്തിൽ, പ്രായോഗികമായി ആരും പാപത്തിൽ നിന്ന് വിശുദ്ധീകരിക്കപ്പെട്ടിട്ടില്ല (1യോഹ. 1:92:1). നമ്മുടെ പാപത്തിൽ നിന്ന് നമ്മെ രക്ഷിച്ചതിനാൽ തിരുവെഴുത്തുകളിൽ യേശുവിനെ നമ്മുടെ രക്ഷകൻ എന്ന് ആവർത്തിച്ച് വിളിക്കുന്നു. ലൂക്കോ. 1:47-ൽ മറിയ ദൈവത്തെ തന്റെ 'രക്ഷകൻ' എന്ന് വിളിക്കുന്നു. എന്തിൽ നിന്നുള്ള രക്ഷകൻ? പാപമില്ലാത്ത ഒരു വ്യക്തിക്ക് ഒരു രക്ഷകനെ ആവശ്യമില്ല. പാപികൾക്ക് ഒരു രക്ഷകനെ ആവശ്യമാണ്. ദൈവം തന്റെ രക്ഷകനാണെന്ന് മറിയ അംഗീകരിച്ചു. അതിനാൽ, താൻ ഒരു പാപിയാണെന്ന് മറിയ അംഗീകരിച്ചു.



നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാനാണ് യേശു വന്നത് (മത്താ. 1:21). മറ്റെല്ലാവരിൽ നിന്നും വ്യത്യസ്തമായി മറിയ പാപത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു എന്ന് റോമൻ കത്തോലിക്കാ സഭ അവകാശപ്പെടുന്നു - കുറ്റമറ്റ ഗർഭധാരണത്തിലൂടെ (അവൾ പാപത്തിൽ നിന്ന് സ്വതന്ത്രയായി ഗർഭം ധരിച്ചു) അവൾ പാപത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു. എന്നാൽ ഈ പഠിപ്പിക്കൽ തിരുവെഴുത്ത് അധിഷ്ഠിതമാണോ? ഈ സിദ്ധാന്തം തിരുവെഴുത്തുകളിൽ കാണുന്നില്ല എന്ന് റോമൻ കത്തോലിക്കാ സഭ പരസ്യമായി സമ്മതിക്കുന്നു. ഒരു യുവാവ് യേശുവിനെ 'നല്ല ഗുരു' എന്ന് അഭിസംബോധന ചെയ്തപ്പോൾ (മത്താ. 19:16-17), ദൈവം മാത്രമുള്ളതിനാൽ താൻ എന്തിനാണ് തന്നെ 'നല്ലവൻ' എന്ന് വിളിച്ചതെന്ന് യേശു ചോദിച്ചു. നല്ലവൻ എന്ന പദം താൻ വളരെ ലളിതമായി ഉപയോഗിക്കുന്നുവെന്ന് യുവാവിനെ ബോധ്യപ്പെടുത്താൻ യേശു ശ്രമിക്കുകയായിരുന്നു. ജപമാല ചൊല്ലുമ്പോൾ കത്തോലിക്കർ വിശുദ്ധ എന്ന പദം വളരെ ലളിതമായി ഉപയോഗിക്കുന്നു. മറിയ ഉൾപ്പെടെ ആരും വിശുദ്ധരല്ല, ദൈവം മാത്രമാണ്. ഇത് റോമ. 3:10-23, റോമ. 5:12 എന്നിവയുമായും, ദൈവത്തിന്റെ ദൃഷ്ടിയിൽ ആരും തുല്യരല്ല എന്ന വസ്തുത ഊന്നിപ്പറയുന്ന എണ്ണമറ്റ മറ്റ് ഭാഗങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. മറിയയെ ഒരിക്കലും അത്തരം സമഗ്രമായ പ്രസ്താവനകളിൽ നിന്ന് ഒഴിവാക്കുന്നില്ല.

എന്നാൽ ജപമാല ചൊല്ലുന്നതിൽ അതിലും അടിസ്ഥാനപരമായ ഒരു പ്രശ്നമുണ്ട്, അതായത്, പ്രാർത്ഥനയുടെ ഭൂരിഭാഗവും ദൈവത്തോടല്ല, മറിയയോടാണ്. സ്വർഗത്തിലുള്ള മറ്റാർക്കെങ്കിലും നമ്മുടെ പ്രാർത്ഥന കേൾക്കാൻ കഴിയുമോ എന്ന് ബൈബിളിൽ ഒരിക്കലും പറഞ്ഞിട്ടില്ല. ദൈവം മാത്രമാണ് എല്ലാം അറിയുന്നവൻ, സർവ്വശക്തൻ, സർവ്വസാന്നിധ്യം ഉള്ളവൻ. യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ, അവരുടെ പ്രാർത്ഥനകൾ പിതാവായ ദൈവത്തോട് അഭിസംബോധന ചെയ്യാൻ അവൻ അവരെ പഠിപ്പിച്ചു. ബൈബിളിലെ എല്ലാ പ്രാർത്ഥനകളും ദൈവത്തോട് മാത്രമാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. ആരെങ്കിലും ഏതെങ്കിലും 'വിശുദ്ധനോടോ' ദൂതനോടോ മറ്റാരോടെങ്കിലുമോ (വ്യാജ ദൈവങ്ങളോടുള്ള പ്രാർത്ഥനകൾ കൂടാതെ) പ്രാർത്ഥിക്കുന്നതിന്റെ ഒരു ഉദാഹരണവും ഇല്ല. കൂടാതെ, ദൈവത്തെ കൂടാതെ മറ്റാരെയെങ്കിലും (പ്രധാനമായും അപ്പോസ്തലന്മാരെയോ ദൂതന്മാരെയോ) ബഹുമാനിക്കാൻ (ഒരു മതപരമായ സാഹചര്യത്തിൽ) ഒരു ഭക്തൻ സാഷ്ടാംഗം പ്രണമിക്കുമ്പോൾ, അത് നിർത്താൻ എഴുന്നേൽക്കാൻ അവനോട് പറയുന്നു (പ്രവൃത്തികൾ 10:25,26; 14:13,16; മത്താ. 4:10; വെളി. 19:10; 22:89). റോമൻ കത്തോലിക്കാ സഭ ദൈവത്തെ മാത്രമേ ആരാധിക്കുന്നുള്ളൂവെന്നും എന്നാൽ മറിയയെയും വിശുദ്ധന്മാരെയും 'ആരാധിക്കുന്നു' എന്നും പറയുന്നു. എന്താണ് വ്യത്യാസം? ജപമാല ചൊല്ലുന്ന ഒരാൾ ദൈവത്തേക്കാൾ കൂടുതൽ സമയം മറിയയെ വിളിക്കാൻ ചെലവഴിക്കുന്നു. ജപമാലയിലെ ഓരോ ദൈവസ്തുതിയിലും, മറിയയുടെ പത്ത് സ്തുതികളുണ്ട്!

ജപമാല ചൊല്ലുന്നത് ബൈബിൾ ഒരിക്കലും അവൾക്ക് നൽകാത്ത ഒരു ദൗത്യം മറിയക്ക് നൽകുന്നു. യേശു നമ്മുടെ വീണ്ടെടുപ്പുകാരനാണ് (ഗലാ. 3:13; 4:45; തീത്തൊ. 2:14; 1പത്രോ. 1:18,19; വെളി. 5:9), നമ്മുടെ സ്വർഗ്ഗീയ വക്താവ് (1യോഹ. 2:1), നമ്മുടെ ഏക മധ്യസ്ഥൻ (1തിമോ. 2:5). ജപമാല പ്രാർത്ഥനയിലെ 'ആശംസകൾ, പരിശുദ്ധ രാജ്ഞി' എന്ന ഭാഗം മറിയയെ നമ്മുടെ 'ഏറ്റവും കൃപയുള്ള വക്താവ്' എന്ന് വിളിക്കുന്നു. യേശു മാത്രമാണ് നമ്മുടെ മധ്യസ്ഥൻ എന്ന വ്യക്തമായ ബൈബിൾ പഠിപ്പിക്കലിന് ഇത് നേരിട്ടുള്ള വൈരുദ്ധ്യമാണ്.

ജപമാല ചൊല്ലുന്നതിന് കത്തോലിക്കർ മറിയയെ 'പരിശുദ്ധ രാജ്ഞി' എന്ന് വിളിക്കേണ്ടതുണ്ട്. തിരുവെഴുത്തിൽ 'സ്വർഗ്ഗരാജ്ഞി' എന്ന പദവി കാണുന്ന ഒരേയൊരു സന്ദർഭത്തിൽ, ആ പദം നെഗറ്റീവ് രീതിയിൽ ഉപയോഗിച്ചിരിക്കുന്നു (യിരെ. 7:1719; 44:16-27). ബൈബിൾ ഒരിക്കലും മറിയയെ ഒരു രാജ്ഞിയായി ചിത്രീകരിക്കുന്നില്ല; മറിച്ച്, അവൾ സ്വയം 'കർത്താവിന്റെ ദാസി' എന്ന് വിളിക്കുന്നു (ലൂക്കോ. 1:38). അവൾക്ക് ഒരിക്കലും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മേൽ ഒരു കിരീടമോ അധികാരമോ നൽകുന്നില്ല. അതുപോലെ, ജപമാല ചൊല്ലുമ്പോൾ മറിയയെ നമ്മുടെ 'ജീവൻ' എന്നും 'പ്രത്യാശയ്' എന്നും വിളിക്കുന്നത് ഉചിതമാണോ? വീണ്ടും, ഇവ തിരുവെഴുത്തിൽ ദൈവത്തിന് മാത്രം ഉപയോഗിച്ചിരിക്കുന്ന പദങ്ങളാണ് (യോഹ. 1:114; കൊലോ. 3:4; 1തിമോ. 1:1; എഫെ. 2:12; തീത്തൊ. 2:13).

ജപമാല ചൊല്ലുന്ന രീതി പല തരത്തിൽ തിരുവെഴുത്തിന് വിരുദ്ധമാണ്. ദൈവത്തിന് മാത്രമേ നമ്മുടെ പ്രാർത്ഥനകൾ കേൾക്കാൻ കഴിയൂ. ദൈവത്തിന് മാത്രമേ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാൻ കഴിയൂ. നമുക്ക് ഒരു മധ്യസ്ഥൻ (യേശു) ഉണ്ട്, അവന്റെ നാമത്തിലാണ് നാം പ്രാർത്ഥിക്കുന്നത്, മറിയയുടെ നാമത്തിലല്ല.



വെള്ളിയറ ഐപിസി സീയോൻ ശതാബ്ദിക്ക് അനുഗ്രഹീത സമാപനം

റാന്നി: ഐപിസി സീയോൻ വെള്ളിയറ സഭയുടെ ശതാബ്ദി പ്രവർത്തനങ്ങൾ സമാപിച്ചു. വെള്ളിയറ സെന്റനറി പ്രോജക്റ്റിന്റെ ഔപചാരിക ഉദ്ഘാടനം 2024 ജനുവരി 26-ന് റാന്നി വെസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സി.സി. എബ്രഹാം നിർവഹിച്ചു. യോഗത്തിന് സഭാ ശുശ്രൂഷകും വിസിപി കൺവീനറുമായ പാസ്റ്റർ സുരേഷ് മാത്യു അധ്യക്ഷത വഹിച്ചു. 2024 മെയ് 6-17 വരെ കേരള സുവിശേഷ യാത്ര നടന്നു. കേരളത്തിലെ 12 ജില്ലകളിലായി 70-ൽ അധികം സ്ഥലങ്ങളിൽ ലഘുലേഖകൾ വിതരണവും സുവിശേഷ ഘോഷണവും നടത്തി. ഒക്ടോബറിൽ 'അഭിയാൻ 2024' എന്ന പേരിൽ മധ്യപ്രദേശിൽ 16 ദിവസത്തെ സുവിശേഷ യാത്രയും നടന്നു.

സെപ്റ്റംബർ 15-17 വരെ ശതാബ്ദി ഐക്യ മഹായോഗം, പ്ലാങ്കമൺ ഓഡിറ്റോറിയത്തിൽ നടന്നു. സൺഡേ സ്കൂളിന്റെയും പി.വൈ.പി.എ.യുടെയും നേതൃത്വത്തിൽ വി.ബി.എസ്. (സ്തുലക്ക് 2024), കരിയർ ഗൈഡൻസ് പരിശീലനം (കുൻസിഡോ 2024), വെള്ളിയറ മിഷനറി കുടുംബ സംഗമം - ഹൗസ് ബോട്ട് യാത്ര (മിന്നസ്ഫെസ്റ്റ് 2025) തുടങ്ങിയ പരിപാടികളും ശതാബ്ദി വർഷത്തിൽ നടന്നു.

നാല് പെൺകുട്ടികളുടെ വിവാഹം, രണ്ട് സഭാ ഹാളുകളുടെ നിർമ്മാണം, ഒരു വീടിന്റെ (പൂർണ്ണമായ) നിർമ്മാണവും, നിരവധി വീടുകളുടെ അറ്റകുറ്റപ്പണികൾ, 14 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം, അനേകം രോഗികൾക്ക് വൈദ്യസഹായം എന്നിവയുൾപ്പെടെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും ശതാബ്ദിയുടെ ഭാഗമായി നടത്തി.

എട്ട് ഉപസമിതികളിലായി അൻപതിലധികം പേർ ഈ പദ്ധതിക്കായി പ്രവർത്തിച്ചു. ജനറൽ കൺവീനർമാരായിരുന്ന പാസ്റ്റർ സുരേഷ് മാത്യു, പാസ്റ്റർ തോമസ് വർഗീസ് എന്നിവരോടൊപ്പം ബ്രദർ വർഗീസ് കെ. ഫിലിപ്പ്, പാസ്റ്റർ റെജി ഫിലിപ്പ്, പാസ്റ്റർ മനോജ് മാത്യു ജേക്കബ്, ബ്രദർ ബ്ലസ്സൻ പി. തോമസ്, ബ്രദർ ബെർലിൻ പി. തോമസ് എന്നിവരും ഭാരവാഹികളായി പ്രവർത്തിച്ചു.

2025 ജനുവരി 11-ന് പാസ്റ്റർ സുരേഷ് മാത്യുവിന്റെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസും റാന്നി എം.എൽ.എ. പ്രമോദ് നാരായണനും മുഖ്യാതിഥികളായിരുന്നു. 2025 ജൂൺ 14-ന് നടന്ന ഐ.പി.സി. റാന്നി വെസ്റ്റ് സെന്റർ മാസയോഗത്തിൽ ശതാബ്ദി സ്മരണികയായ "EMET' പ്രകാശനം ചെയ്തതോടെ ഈ മഹത്തായ പദ്ധതിക്ക് വിജയകരമായ സമാപനമായി.

പിഎച്ച്ഡി ലഭിച്ചു



പത്തനാപുരം: ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻഎഞ്ചിനീയറിംഗിൽ കാരുണ്യ സർവകലാശാലയിൽ നിന്നു ബെറിൽ സൂസൻ ഫിലിപ്പ് പിഎച്ച്ഡി കരസ്ഥമാക്കി. ഐ.പി.സി. കേരള സ്റ്റേറ്റ് ട്രഷറർ പി.എം. ഫിലിപ്പിന്റെയും റേച്ചൽ ഫിലിപ്പിന്റെയും മകളാണ്. ബെറിൽ. ഭർത്താവ് ടൈറ്റസ്.



തിരുവല്ല: പാസ്റ്റർ ജിബു നൈനാൻ ദൈവശാസ്ത്രത്തിൽ പി എച്ച്.ഡി ലഭിച്ചു. ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയ സർവകലാശാലയിൽ നിന്നും "Miraculous Conversion Among Indian Pentecostals: A Phenomenological Approach to Conversion Experiences,' ലാണ് പി.എച്ച്.ഡി. നിലംബൂർ സ്വദേശിയാണ്. ഭാര്യ ബ്ലെസി.

ശാരോൻഫെലോഷിപ്പ് ചർച്ച് : സംയുക്ത റീജിയൺ സമ്മേളനം

തിരുവല്ല: ശാരോൻഫെലോഷിപ്പ് ചർച്ച് കൗൺസിലിന്റെ നേതൃത്വത്തിൽ ജൂലൈ 22 ന് രാവിലെ 9.30 മുതൽ 4 മണി വരെ മലബാർ,പാലക്കാട്, തൃശ്ശൂർ റീജിയനുകളിലെ ദൈവദാസന്മാരുടെ സംയുക്ത പാസ്റ്റേഴ്സ് സെമിനാർ നടക്കും. തൃശൂർ മണ്ണുത്തി ഫാം ജംഗ്ഷനിലുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ചിലാണ് സമ്മേളനം.

പാസ്റ്റർ എബ്രഹാം ജോസഫ്, പാസ്റ്റർ ഫിന്നി ജേക്കബ് അടക്കമുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിൽ എക്സിക്യൂട്ടീവുകളോടൊപ്പം ഗുജറാത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന മസിഹ് മണ്ഡലി അസോസിയേഷൻ സഭകളുടെ അധ്യക്ഷൻ പാസ്റ്റർ സജി മാത്യുവും മുഖ്യാതിഥികളായി സംബന്ധിക്കും. ഫോൺ : +91 94471 83632

MATRIMONIAL

Syrian Christian Pentecostal parents invite proposals for their daughter (27/DOB 23.07.1998 /157cm)BTech, born again, baptised, s pirit filled currently working in a reputed firm in Kuwait. Seeking suitable proposals of born again, God fearing and professionaly qualified Pentecostal boys. Mobile & Whatsapp : 00965 98833139/ 00965 66139849

സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (27/170 സെ.മി) B.com, MBA, ഇരുനിറം, സൗദിഅറേബ്യയിലെ പ്രമുഖ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല ആത്മിയ നിലവാരം പുലർത്തുന്നതും പ്രൊഫഷൽ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ 9447594176 Whatsapp +966 558145854

Kerala based Syrian Christain Pentecostal parents invite proposal for their daughter who is born and brought up in Bikaner, Rajasthan. Age (31), dob 13.07.1993, 152cm Height, B.A.LL.B, LL.M (International Comercial Finance and Banking Law, University of Birmingham,UK) practicing in the Honourable Supreme Court of India and High Court, New Delhi.Phone 9605432822, 9783965293

Syrian Christian missionary parents invite proposals for their son (27/B.Com, MBA from Canada, US B1, B2 visa holder) born and brought in North India, working as Hosptality Manager in Canada. Seeking alliance from parents of Pentecostal families for a God-fearing, Born again, Sprit filled and professionaly wualified young woman who is born again, Holy Spirit-filled, and dedicated to a life of faith and ministry. Contact Phone: +91 9650082916

Pentecostal Girl in Mumbai / MSc Nursing / Australia RN Syrian Christian Pentecostal parents inviting proposal for their daughter (30 yrs / Nov 1994 / 156 cm) born again,. baptized and spirit filled. She is brought up and studied in Mumbai (MSc Nursing & working Australia RN). Prayerfully seeking alliance from parents of God fearing, Spirit filled, proffesionally qualified, Non Ornament wearing, interested in Gospel work with secular job, preferably born and brought up outside Kerala. Interested Parents please cobtact us @ Mobile & Whatsapp : 00965 98833139/ 00965 66139849

ചർച്ച് ഓഫ് ഗോഡ് UK & EU വാർഷിക കോൺഫറൻസ് ജൂലൈ 25 മുതൽ

ലിവർപൂൾ: ചർച്ച് ഓഫ് ഗോഡ് യുകെ & ഇയു (മലയാളം സെക്ഷൻ) 18 മത് ആനുവൽ കോൺഫറൻസ് ജൂലൈ 25,26,27 തീയതികളിൽ കാർഡിനാൽ ഹീനാൻ ഹൈസ്കൂൾ, വെസ്റ്റ്ഡർബ്, ലിവർപൂൾ - L12 9HZ -ൽ നടക്കും.


റവ. ഡോ. ജോ കുര്യൻ (UKCCM DIRECTOR) ഉദ്ഘാടനം നിർവഹിക്കും. സുപ്രസിദ്ധ സുവിശേഷകൻ റവ. ബനിസൻ മത്തായി (COG NORTH WEST INDIA REGIONAL OVERSEER & WORLD MISSION REPRESENTATIVE), ബ്രദർ അരുൾ വെല്സാമി, സിസ്റ്റർ ബിജി സി സിൽ ചീരൻ, ഡോ. ബ്ലെസ്സൺ മേമന എന്നിവർ പ്രസംഗിക്കും. കോൺഫറൻസ് കൊയർ ആരാധനക്ക് നേതൃത്വം നൽകും.

വെള്ളിയാഴ്ച വൈകിട്ട് 5.30നും , ശനി രാവിലെ 9.30നും, ഉച്ചക്ക് 2 നും വൈകിട്ട് 5.30നും പൊതുയോഗങ്ങൾ നടക്കും. യുവജന സമ്മേളനം, സഹോദരി സമ്മേളനം സൺഡേ സ്കൂൾ പരീക്ഷയിൽ വിജയികളായവർക്കുള്ള അവാർഡ് ദാനം എന്നിവയും നടക്കും.

പാസ്റ്റർ തോമസ് ജോർജ് (ASST DIRECTOR), പാസ്റ്റർ ബിജു ചെറിയാൻ (സെക്രട്ടറി), മാമൻ ജോർജ് (ട്രെഷറർ), പാസ്റ്റർ ക്രിസ് ടൈറ്റസ് (കോൺഫറൻസ് സെക്രട്ടറി), പാസ്റ്റർ റിജോയ് സ്റ്റീഫൻ (പബ്ലിസിറ്റി & മീഡിയ), പാസ്റ്റർ സന്തോഷ്കുമാർ (പ്രെയർ കോർഡിനേറ്റർ), പാസ്റ്റർ ബ്ലെസ്സൺ തോമസ് (യൂത്ത് കോർഡിനേറ്റർ), ബിനു യോഹന്നാൻ (സൺഡേ സ്കൂൾ - കോർഡിനേറ്റർ), സിസ്റ്റർ സുജ എ സജി (ലേഡീസ് കോർഡിനേറ്റർ), എന്നിവർ വിവിധ ചുമതലകൾ ഏറ്റെടുത്തു കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു.

യുകെക്ക് പുറമെ അയർലൻഡിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നും ദൈവജനം പങ്കെടുക്കും. വിവരങ്ങൾക്ക്: പാസ്റ്റർ ബിജു ചെറിയാൻ - 07411539877, പാസ്റ്റർ ക്രിസ് ടൈറ്റസ് - 07767950711

പാസ്റ്റർ പി. സി. സേവ്യർ



സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

കുമ്പനാട് ഐപിസി ഹെബ്രോൻ ചാപ്പൽ ശതാബ്ദി സമ്മേളനത്തിന് അനുഗ്രഹ സമാപ്തി



കുമ്പനാട്: നൂറുവർഷം പിന്നിടുന്ന ഇന്ത്യ പെന്തെക്കോസ്ത് ദൈവ സഭയുടെ ആസ്ഥാന സഭയായ ഐപിസി ഹെബ്രോൻ ചാപ്പലിന്റെ ശതാബ്ദി സമ്മേളനം സമാപിച്ചു.

പാസ്റ്റർ ഡി സാംകുട്ടിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേള നത്തിൽ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ രാജ്യാന്തര അധ്യ ക്ഷനായ റവ.ഡോ.ടി. വത്സൻ എബ്രഹാം ഉദ്ഘാടനം ചെയ്തു. യേശുവിനെ സ്ഥിരതയോടെ ശു ശ്രൂഷിക്കുന്നതിലൂടെയും അശര ണർക്ക് അഭയം ഒരുക്കുന്നതിലൂ ടെയും സമൂഹത്തെ ക്ലേശങ്ങളിൽ നിന്നും ഉദ്ധരിക്കാമെന്ന് അദ്ദേ ഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രതിസന്ധികളിലാണ് ഉയിർപ്പിന്റെ സന്ദേശം ഏറെ ദർ ശിക്കാൻ കഴിയുന്നതെന്ന് ജീവകാ രുണ്യ പ്രവർത്തനങ്ങൾ ഉദ്ഘാട നം ചെയ്ത മന്ത്രി വീണാ ജോർജ് പറഞ്ഞു.

സഭയുടെ മുൻ ജനറൽ പ്രസി ഡന്റും പവർ വിഷൻ ടിവി ചാനൽ ചെയർമാനുമായ പാസ്റ്റർ ഡോ. കെ.സി. ജോൺ സമർപ്പണ ശു ശ്രൂഷ നടത്തി. ഐപിസി കേരള സ്റ്റേറ്റ് പ്രസിഡൻറ് പാസ്റ്റർ കെ.സി. തോമസ് വചനപ്രഭാഷണം നടത്തി. ഹെബ്രോൻ സഭയിൽ ശുശ്രൂഷിച്ച മുൻകാല പാസ്റ്റർമാ രെ ഐപിസി സീനിയർ പാസ്റ്റർ ബെഞ്ചമിൻ വർഗീസ് ആദരിച്ചു. സഹായ വിതരണങ്ങളുടെ ഉദ് ഘാടനം ആന്റോ ആന്റണി എം പി നിർവഹിച്ചു. ശതാബ്ദി സുവ നീർ പ്രകാശനം പാസ്റ്റർ കെ.സി. ജോൺ പാസ്റ്റർ ബെഞ്ചമിൻ വർ ഗീസിനു നല്കി പ്രകാശനം ചെ യ്തു. റാന്നി മുൻ എംഎൽഎ രാജു എബ്രഹാം, ഐപിസി കു മ്പനാട് സെന്റർ സെക്രട്ടറി പാസ്റ്റർ ബ്ലസൻ കുഴിക്കാല, സഭാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ പാ സ്റ്റർ സാം പി. ജോസഫ്, ജോജി ഐപ്പ് മാത്യൂസ്, സജി മത്തായി കാതേട്ട്, കേണൽ വി.ഐ.ലൂ ക്ക്, ജോയ് ജോൺ (ശതാബ്ദി ജനറൽ കൺവീനർ) പഞ്ചായ ത്ത് അംഗം പി.എം. റോസ, പാ സ്റ്റർ പി.ജി. മാത്യൂസ്, വിൽസൺ ഏബ്രഹാം, പുന്നൂസ് സഖറിയ, എൻ.സി. ബാബു, കെ.എം. മാത്യു, ഡോ.കോശി പി. ചാക്കോ, ഡോ. സാജു ജോസഫ്, ജോൺ കെ. മാത്യു, മാത്യു ജോൺ, പാസ്റ്റർ പ്രിൻസ് ഗിൽഗാൽ, സ്റ്റാർല ലൂക്ക്, സജി എം. വർഗീസ്, വിൽസൺ കുരീകാട്ടിൽ, കെ.എം. വർഗീസ്, പാസ്റ്റർ ജോജി എം. വർഗീസ്, ഷി നു തോമസ്, സജി ബേബി, ഓമന ദേവരാജൻ, ബിജി മോൻസി, സ് നേഹ ഷാജി എന്നിവർ പ്രസംഗി ച്ചു. ഉച്ചകഴിഞ്ഞു കുടുംബ സംഗ മം നടന്നു.

ഐപിസി സഭാ സ്ഥാപക രായ പാസ്റ്റർമാരായ കെ.ഇ. എബ്ര ഹാം, കെ.സി. ഉമ്മച്ചൻ കൊടുന്തറ എന്നിവരുടെ നേതൃത്വത്തിൽ കു മ്പനാട് ആരംഭിച്ച പ്രാദേശിക കൂ ട്ടായ്മ ആണ് നൂറു വർഷങ്ങൾ പിന്നിടുന്നത്. ഐപിസി സഭകളു ടെ കേന്ദ്രസഭയായി ഹെബ്രോൻ ചാപ്പൽ അറിയപ്പെടുന്നു. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡന്റുമാരായിരുന്ന പാസ്റ്റർ കെ.ഇ. എബ്രഹാം, പാ സ്റ്റർ ടി.എസ്. എബ്രഹാം ഇപ്പോൾ പ്രസിഡന്റായി സേവനം ചെയ്യുന്ന പാസ്റ്റർ ഡോ.ടി. വത്സൻ എബ്ര ഹാം എന്നിവരുടെ പ്രാദേശിക സഭയാണ് കുമ്പനാട് ഐപിസി ഹെബ്രോൻ ചാപ്പൽ.

ഇരുന്നൂറിലധികം കുടുംബങ്ങ ളിൽ നിന്നായി നാനൂറിൽ അധികം വിശ്വാസികൾ ഇവിടെ അംഗങ്ങളാ യി സഭ ആരാധനയിൽ പങ്കുകൊ ള്ളുന്നു. ഒരു വർഷം നീണ്ടുനിന്ന ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സുവിശേഷ-ജീവകാരുണ്യ പദ്ധതികൾ നടത്തു വാൻ സഭയ്ക്ക് കഴിഞ്ഞു എന്ന് ശതാബ്ദി കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

കൺവൻഷനും ഗോൾഡൻ ജൂബിലി ആഘോഷവും



ഫിലദെൽഫിയ: എബനേസർ ചർച്ച് ഓഫ് ഗോഡ് കൺവൻഷനും ഗോൾഡൻ ജൂബിലി ആഘോഷവും ആഗസ്റ്റ് 29, 30 തീയതികളിൽ ന ടത്തക്കും. 30 ന് ശനിയാഴ്ച രാവിലെ ജൂബിലി സമ്മേളനം നടക്കും. സീനിയർ പാസ്റ്റർ രഞ്ജൻ പി. ചെറിയാന്റെ നേതൃത്വത്തിൽ ജൂബിലി കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ചാരിറ്റി, സുവനീർ, പബ്ളിസിറ്റി, പബ്ളിക് റിലേഷൻസ്, ഫെലോഷിപ്പ് തുടങ്ങിയ സബ്കമ്മറ്റികളും പ്രവർത്തിച്ചു വരുന്നു.

വെൽഷ് റോഡിലുള്ള സഭാ ഓഡിറ്റോറിയത്തിൽ വച്ചാണ് സമ്മേളനം നടക്കുന്നത്. ചർച്ച് ഓഫ് ഗോഡ് ടെന്നസി സ്റ്റേറ്റ് ഓവർസീയർ റവ. ഡോ. ടിം ഹിൽ, പെൻസിൽവാനിയ സ്റ്റേറ്റ് ഓവർസീയർ റവ. ഷേ ഹ്യൂസ് എന്നിവർ മുഖ്യ പ്രസംഗകരായി എത്തിച്ചേരും. ആത്മീയ ഗാനശുശ്രൂഷക്ക് സുവിശേഷകൻ ബ്ലസൻ മേമന നേതൃത്വം നൽകും. സഭയുടെ ആരംഭകാല പ്രവർത്തകരെ സമ്മേളനത്തിൽ വച്ച് ആദരിക്കും.

1976 ഡിസംബർ 26 ന് പാസ്റ്റർ ബേബി ഡാനിയേൽ സഭാ ശുശ്രൂഷകനായി ചാർജ്ജെടുക്കുകയും തുടർന്ന് 39 വർഷക്കാലം സഭയുടെ സീനിയർ ശുശ്രൂഷകനായി സുദീർഘമായ സേവനം ചെയ്യുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ മാറിമാറി ആരാധന നടന്നതിനു ശേഷം 1986 ൽ റൂസ്വെൽറ്റിലുള്ള 258 - 60 നമ്പർ കെട്ടിടം സ്വന്തമായി സഭയുടെ പേരിൽ വാങ്ങുവാൻ ഇടയായി.

2015 ഡിസംബർ മാസം മുതൽ പാസ്റ്റർ രഞ്ജൻ പി. ചെറിയാൻ സഭാ ശുശ്രൂഷയിൽ ആയിരിക്കുന്നു. ജൂബിലിയുടെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ജൂബിലി കമ്മറ്റി പ്രവർത്തിച്ചുവരുന്നു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: പാസ്റ്റർ രഞ്ജൻ പി ചെറിയാൻ 713 - 409 - 5184, ഫിന്നി ഫിലിപ്പ് (സെക്രട്ടറി) 215-432 -5062, ഷിജിൻ വർഗീസ് (ട്രഷറാർ) 215 - 435 - 2176

ബാബുക്കുട്ടി ജോർജ് (മീഡിയ കോർഡിനേറ്റർ)

ജർമ്മനിയിൽ ഐപിസിയുടെ പുതിയ പ്രവർത്തനം



ഫ്രാൻക്ഫർട്ട്: ജർമനിയിൽ ഫ്രാൻക്ഫർട്ട് പട്ടണത്തിൽ (Kirche AM campus, Bockenhem Jugelstr 1,60325, Frankfurt AM Main, Germany) ആരംഭിച്ച സഭാ പ്രവർത്തനം ജൂലൈ 22ന് റീജിയൻ പ്രസിഡൻറ് പാസ്റ്റർ ജേക്കബ് ജോർജ് ഉൽഘാടനം ചെയ്യും. വൈ സ് പ്രസിഡൻറ് പാസ്റ്റർ വിൽസൺ ബേബി അദ്ധ്യ ക്ഷത വഹിക്കും. പാസ്റ്റർ ബ്ലസൺ ജോൺ എബ്ര ഹാം ഇവിടെ സഭാ ശുശ്രൂ ഷകനായിരിക്കും.

വേർപാടുകൾ

കെ.എ. ചാക്കോ



കാരിച്ചാൽ: അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ ഭാര്യാ പിതാവ് കാട്ടുപറമ്പിൽ കെ.എ. ചാക്കോ (ബേബി ച്ചായൻ-94) നിത്യതയിൽ ചേർക്കപ്പെട്ടു. അദ്ദേഹം ശാരോൻ ഫെല്ലോഷിപ്പ് സഭയുടെ ആരംഭകാല പ്രവർത്തകരിൽ ഒരാളായിരുന്നു. പരേതയായ കു ഞ്ഞൂഞ്ഞമ്മയാണ് ഭാര്യ. മക്കൾ: മോൻസി (USA), ജാൻസി അച്ചൻകുഞ്ഞ്, നാൻസി സന്തോഷ്. മരു മക്കൾ : കുഞ്ഞുമോൾ, അച്ചൻകുഞ്ഞ് ഇലന്തൂർ (ചീഫ് എഡിറ്റർ, മരുപ്പച്ച), സന്തോഷ് റ്റി. കുരുവിള (ഫിലിം പ്രൊ ഡ്യൂസർ). സംസ്കാരം പിന്നീട്.

അന്നമ്മ ചാക്കോ



പെരിങ്ങര: പ്രവാചക ശുശ്രൂഷകനായ ആര്യാട്ട് പാ സ്റ്റർ ഏ.ജി.ചാക്കോയുടെ സഹധർമ്മിണി അന്നമ്മ ചാക്കോ (മോളിക്കുട്ടി-73) കർത്തൃസന്നിധിയിൽ പ്രവേശിച്ചു. നിരണം മുകളടിയിൽ കുടുംബാംഗമാ ണ്. മക്കൾ: ബെൽവിൻ ജി. ചാക്കോ, ബെർലിൻ ജോസഫ്. മരുമക്കൾ: ഫെയ്ത്ത് ബെൽവിൻ (റാ ന്നി), ജോസഫ് ജോസ് (മാവേലിക്കര) (എല്ലാവരും യു.എസിലെ ഫിലദൽഫിയ). ഐ.പി.സി തൃശൂർ വെസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോസഫ് ജോർജിന്റെ (രാജു) സഹോദരന്റ ഭാര്യയാണ്.

ഇടിക്കുള ഡാനിയേൽ



കൊട്ടാരക്കര: തൃക്കണ്ണമംഗൽ കൊച്ചുകിഴക്കേ തിൽ കുറ്റിവിള എബനേസറിൽ ഇടിക്കുള ഡാനി യേൽ (81) നിര്യാതനായി. സംസ്കാര ശുശ്രൂഷ 16ന് ബുധനാഴ്ച രാവിലെ 10 ന് കൊട്ടാരക്കര ഐപിസി തൃക്കണ്ണമംഗൽ രെഹബോത്ത് സഭാ ഹാളിൽ ആരംഭിച്ച് 12 മണിക്ക് സഭാ സെമിത്തേ രിയിൽ സംസ്കരിച്ചു.

ഐപിസി ജനറൽ കൗൺസിൽ അംഗം, ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി, ട്രഷറർ, കൗൺസിൽ അംഗം, ഐപിസി ഹെബ്രോൻ അമ്പർനാഥ് ദൈവസഭയുടെ പ്രാരംഭ വിശ്വാ സി, ദീർഘവർഷം വൈസ് പ്രസിഡന്റ്, താനെ പെന്തെക്കോസ്തൽ ഫെല്ലോഷിപ്പ് സ്ഥാപക സമിതി അംഗം, അമ്പർനാഥ് ക്രിസ്ത്യൻ സെമിറ്ററി ഭാരവാഹി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: പുനലൂർ ചെമ്മന്തൂർ വല്ലൂർ കുടുംബാംഗം മോളി ഇടിക്കുള. മക്കൾ: ബിനോയ് ഡാനിയേൽ, ബിജോയ് ഡാനിയേൽ മരുമക്കൾ: അനിത ബിനോയ്, ബിൻസി ബിജോയ് (എല്ലാവരും ഖത്തർ).

രാമചന്ദ്രൻ എസ്



തിരുവനന്തപുരം: കുറ്റിച്ചൽ സുധാഭവനിൽ രാമ ചന്ദ്രൻ എസ് (73) നിര്യതനായി. സംസ്കാര ശു ശ്രൂഷ 16 നു ബുധനാഴ്ച തിരുവനന്തപുരം ജങ്ങഫ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടന്നു. സലാല PMG ചർച്ചിന്റെ ആരംഭകാല വിശ്വാസി ആയിരുന്നു. 1985 മുതൽ ഒമാനിലെ സലാലയിൽ ഔദ്യോഗിക ജീവിതം നയിച്ചശേഷം കഴിഞ്ഞവർഷം നാട്ടിൽ മടങ്ങിയെത്തി വിശ്രമജീവിതം നയിക്കുകയായി രുന്നു. ഭാര്യ: തിരുവനന്തപുരം, പാങ്ങോട് സുധാ ഭവനിൽ, സുധാ രാമചന്ദ്രൻ എസ്. മക്കൾ:സന്തോഷ്, ഷീജ, മരുമക്കൾ:ഷൈനി സന്തോഷ്, മനോജ്.

പാസ്റ്റർ ജോസ് പ്രകാശ്



നെയ്യാറ്റിൻകര: ഐപിസി നെയ്യാറ്റിൻകര സെന്ററി ന്റെ മുൻ സെക്രട്ടറി പേരക്കോണം ശാലോം ഭവന ത്തിൽ പാസ്റ്റർ ജോസ് പ്രകാശ് (44) വാഹനാപ കടത്തിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ജൂലൈ 7 ന് ആനക്കുഴി വസതിയി ലെ ശുശ്രൂഷയ്ക്കു ശേഷം വീട്ടുവളപ്പിൽ നടത്തി. ചെറുവക്കൽ ന്യൂലൈഫ് ബിബ്ലിക്കൽ സെമിനാരി യിൽ നിന്ന് വേദപഠന പൂർത്തിയാക്കിയ ജോസ് പ്രകാശ് 20 വർഷത്തിലധികമായി വിവിധ പ്രാദേശിക സഭകളിൽ ശുശ്രൂഷകനായി പ്രവർത്തിക്കുകയായിരുന്നു. ഭാര്യ: ലിൻസി മക്കൾ: ഗ്രെയ്സൺ, ബ്ലസി.

അമേരിക്കൻ വേദശാസ്ത്രജ്ഞൻ ജോൺ എഫ് മക് ആർതർ ഓർമ്മയായി



അമേരിക്ക: പ്രശസ്ത അമേരിക്കൻ ദൈവ ശാസ്ത്ര ജ്ഞനും പാസ്റ്ററും എഴുത്തുകാരനും അധ്യാപകനു മായ ജോൺ ഫുള്ളർട്ടൺ മക്ആർതർ ജൂനിയർ (86) അന്തരിച്ചു.1969 മുതൽ കാലിഫോർണിയയിലെ സൺ വാലിയിലുള്ള ഗ്രേസ് കമ്മ്യൂണിറ്റി ചർച്ചിന്റെ സീനിയർ പാസ്റ്ററായി മക്ആർതർ സേവനമനുഷ്ഠിച്ചു. ഗ്രേസ് ടു യു' എന്ന റേഡിയോ, മാധ്യമ ശുശ്രൂഷയിലൂടെയാണ് മക്ആർതറിന്റെ പഠിപ്പിക്കലുകൾ ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിയത്. 1997-ൽ പുറത്തിറങ്ങിയ ദി മാക്ആർതർ സ്റ്റഡി ബൈബിൾ ഉൾപ്പെടെ നിരവധി പുസ്തകങ്ങൾ അദ്ദേഹം രചിച്ചു.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 20.07.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 Issue. 14 RNI. No. KERMAL/2002/09730 Annual Subscription 200 Pages 8





ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

അതാണ് ദൈവത്തിന്റെ കൈ

ആ കുഞ്ഞ് പിറന്നു വീണത് അത്യന്തം അപകടകരമായ ഒരു ലോകത്താണ്. വേദനയുടെയും ക്രൂരതയുടേയും അടിമത്തത്തിന്റെയും നിരാശയുടേയും ലോകത്ത്. എബ്രായ ചരിത്രത്തിലെ ഏറ്റവും ഇരുട്ടു നിറഞ്ഞ രാത്രികളായിരുന്നു അത്. ആ ഇരുട്ടിലും ഒരമ്മ കുഞ്ഞിൽ കണ്ട വിശേഷ സൌന്ദര്യത്തിനു കാരണം പലതുണ്ടാകാം. രാജാവിനെ ഭയക്കുന്നവരായിരുന്നെങ്കിൽ മുട്ടുകൂട്ടി ഇടിച്ച്, വിറയ്ക്കുന്ന ചുണ്ടുമായി നിൽക്കേണ്ട അവസ്ഥയാണിത്. എന്നാൽ അവർ ഭൂമിയിലെ രാജാവിനെക്കാൾ സ്വർഗത്തിലെ രാജാവിനെയാണ് ഭയപ്പെട്ടത്.അത് അവരുടെ ആത്മീയപൈതൃകത്തിന്റെ കൃത്യമായ പ്രതികരണമായിരുന്നു.

ആ അമ്മയുടെ വിശ്വാസം മൂലം പ്രതിസന്ധികൾക്ക് നടുവിലും ആ കുഞ്ഞിനെ ഉപേക്ഷിക്കാതെ വളർത്തുവാൻ തീരുമാനിച്ചു. മൂന്നു മാസങ്ങൾ ആ വീടിന്റെ ഉള്ള സുരക്ഷിതത്വത്തിൽ ശ്രദ്ധാപൂർവ്വം വളർത്തി. സഹോദരി മിര്യാമും ജ്യേഷ്ഠൻ അഹരോനും ഏറെ ജാഗ്രതയോടെ ആ കാലത്ത് ജീവിച്ചു, കൊച്ചനിയനെ സംരക്ഷിച്ചു. കുഞ്ഞനുജന്റെ ചിരിയുടെയോ കരച്ചിലിന്റെയോ ഒരിറ്റു ശബ്ദം പോലും പുറത്തു വരാതെ അവർ ശ്രദ്ധിച്ചിരുന്നു. അവരുടെ ചെറിയ നോട്ടപ്പിശകു പോലും ആ കുഞ്ഞിന്റെ ജീവൻ തകർത്തേനെയെന്ന് മനസിലാക്കി ജീവിച്ചു.

മൂന്ന് മാസങ്ങൾ കഴിഞ്ഞു. കുഞ്ഞിനെ വീട്ടിനുള്ളിൽ ഒതുക്കുവാൻ കഴിയാത്ത സ്ഥിതിയായി. അവന്റെ ചിരിയും കരച്ചിലുമൊക്കെ വീടിന്റെ അതിരുകളെ ഭേദിക്കുമെന്നായി. ഇനി മറ്റെന്തെങ്കിലും മാർഗം സ്വീകരിക്കണം. അമ്മയുടെ നെഞ്ചിടിപ്പ് വർദ്ധിച്ചു.പല ആലോചനകൾ ഇക്കാലമത്രയും മനസിലൂടെ പോയിട്ടുണ്ടാവും. ഓരോന്നിന്റെയും സാധ്യതകളും ചിന്തിച്ചിട്ടുണ്ടാവും. എന്തായാലും ഒടുവിൽ ഞാങ്ങണപ്പെട്ടകവും നൈലും തന്നെ എന്നു നിശ്ചയിച്ചു. അമ്മ ഞാങ്ങണപ്പെട്ടകം തയ്യാറാക്കി, ഏറെ സുരക്ഷിതമായി അതിനെ ഒരുക്കിയെടുത്തു. ഒരിറ്റു വെള്ളം പോലും അതിനുള്ളിൽ കയറരുത്, ചെറിയ വിടവു പോലുമുണ്ടാകാതിരിക്കാൻ കീലും പശയും മറ്റു വസ്തുക്കളും ഒക്കെ ഉപയോഗിച്ചു, അതിനെ സുരക്ഷിതമാക്കി.പല വട്ടം വെള്ളത്തിലിട്ടും വെള്ളം ഒഴിച്ചും പെട്ടകത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ടാവും.

ക്വാളിറ്റി ടെസ്റ്റ് പൂർത്തിയായി. ഇനിയാണ് ഒരു അമ്മയുടെ ഏറ്റവും നൊമ്പരപ്പെടുന്ന നിമിഷങ്ങൾ. മകനെ പെട്ടകത്തിലേക്ക് മാറ്റണം. അമ്മയുടെ നെഞ്ചിന്റെ പിടപ്പ് വർദ്ധിച്ചിട്ടുണ്ടാവും. അവർ കുഞ്ഞിനെ പെട്ടകത്തിലാക്കി, ആരും കാണാതെ നൈൽ നദിയിൽ സുരക്ഷിതമായി സൂക്ഷിക്കുവാൻ പുറപ്പെട്ടു.

ഈ നിമിഷം വരെ അഞ്ചാൾ ഉണ്ടായിരുന്ന വീട്ടിൽ ഇനി മുതൽ നാലാൾ മാത്രം. അഞ്ചാമനെ നദിയിലേക്ക് മാറ്റുകയാണ്.

ഈജിപ്റ്റിനെ വളക്കൂറുള്ളതാക്കി മാറ്റുന്ന മഹാനദി!അവർ പുണ്യനദിയായി കാണുന്ന ആ നദിയിൽ മറ്റു കുട്ടികൾ ബലി കണക്കെ മരിച്ചു കിടക്കുന്നുണ്ട്. അതിനിടയിലേക്ക് മാതാപിതാക്കൾ പിടയ്ക്കുന്ന മനസോടെ, ജീവൻ നഷ്ടപ്പെടരുതെന്ന പ്രാർത്ഥനയോടെ, കുട്ടിയെ സൂക്ഷിച്ച പെട്ടകവും ചുമന്ന് നടക്കുകയാണ്. നല്ല ഇരുട്ടുണ്ടാവും, വെട്ടം തെളിക്കുന്നത് അപകടമാണ്. കാലുകൾ എവിടെങ്കിലും തട്ടുകയോ ചെളിയിൽ തെന്നുകയോ ചെയ്തിട്ടുണ്ടാവും, എന്നാലും പെട്ടകം ഉലയാതെ സൂക്ഷിക്കുന്ന ശ്രമകരമായ ചുമതല അവർ ശ്രദ്ധയോടെ ചെയ്തു. ആ നേരത്തെ നടപ്പിന് വേഗത കാണില്ല, കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടാവും, ചങ്കിടിപ്പ് അടുത്തു നിൽക്കുന്നവർക്ക് കേൾക്കാൻ കഴിയുന്നുണ്ടാവും, ജീവിതത്തിലെ ഏറ്റവും തീവ്രമായ സമയത്തിലൂടെയാണവർ കടന്നു പോകുന്നത്. ഒടുവിൽ അവർ കുഞ്ഞിനെ സൂക്ഷിക്കേണ്ടുന്ന സ്ഥലത്തെത്തി, പെട്ടകം നൈലിലെ ഞാങ്ങണകൾക്കിയിൽ വച്ചു.

ഇപ്പോൾ അവരെല്ലാം കാണാമറയത്ത് നിൽക്കുന്നുണ്ടാവാം. രാജകുമാരിയുടെ ശ്രദ്ധയിൽ ആ പെട്ടകവും കയ്യിൽ ആ എബ്രായ ബാലനെയും ലഭിക്കുന്നു. ആ കുഞ്ഞ് എബ്രായനാണ് എന്ന് തിരിച്ചറിഞ്ഞിട്ടും ആ ശവപ്പറമ്പിൽ തള്ളാതെ വളർത്തുവാൻ ഫറവോന്റെ പുത്രിക്ക് തോന്നുന്നതാണ് ഇവിടുത്തെ 'ട്വിസ്റ്റ്', അതാണ് ദൈവ പ്രവൃത്തി. അത് അവിടംകൊണ്ട് അവസാനിച്ചില്ല. ആ കുഞ്ഞിനെ പരിപാലിക്കുവാൻ രാജകുമാരി ആരെയെങ്കിലും ലഭിക്കുമോ എന്ന് അന്വേഷിച്ചു തുടങ്ങി.ആർക്കും ഉത്തരം നൽകാൻ കഴിയാതിരിക്കുമ്പോഴാണ്, മിര്യാം 'എബ്രായ സ്ത്രീ'യുമായി രംഗത്തെത്തുന്നത്.

ഇപ്പോൾ നമുക്ക് യോഖേബേദ് എന്ന അമ്മയെ സൂക്ഷിച്ചു നോക്കുവാൻ കഴിയുമോ? കടുത്ത പീഢനങ്ങൾക്കു നടുവിലും, ദുരിതങ്ങളിലേക്ക് പിറന്നു വീണ കുഞ്ഞിനെ മരണത്തിനു വിട്ടു കൊടുക്കാതെ, ക്രിയാത്മകമായ പ്ലാനുകളിലൂടെ, വളർത്തുവാൻ ശ്രമിച്ച അസാധാരണ അമ്മയാണ് അവർ. വീടുവീടാന്തരം കയറിയിറങ്ങി എബ്രായ ബാലൻമാരെക്കുറിച്ച് അന്വേഷിക്കുന്ന തെരച്ചിൽ സംഘത്തിന്റെ കണ്ണും കാതും വെട്ടിച്ച് കുഞ്ഞിനെ സൂക്ഷിച്ച അമ്മയുമാണവർ.കൗമാരം കഴിഞ്ഞിട്ടില്ലാത്ത മറ്റു രണ്ടു മക്കൾക്കും വിദഗ്ധ പരിശീലനം നൽകി ചെറിയ പ്രായത്തിൽത്തന്നെ മുതിർന്നവരുടെ പക്വതയിലേക്കെത്തിച്ച അമ്മയാണവർ.കുഞ്ഞിന്റെ ജീവൻ നിലനിർത്തുവാൻ വേണ്ടി ഞാങ്ങണപ്പെട്ടകം വാങ്ങി, മറ്റ് ക്രമീകരണങ്ങൾ ചെയ്ത്, ആരും കാണാതെ നദിയിലെത്തിച്ച ഉൾക്കരുത്തുള്ള അമ്മയാണവർ.

ആ അമ്മയാണ് ഇപ്പോൾ മിര്യാമിന്റെ പുറകിലായി നടക്കുന്നത്. ഓടണമെന്നവർക്ക് ആഗ്രഹമുണ്ട്, മിടിക്കുന്ന നെഞ്ചിന്റെ ശബ്ദം പുറത്തറിയാതിരിക്കുവാൻ ശ്രമിക്കുകയാണവർ, കരയണമെന്നുണ്ട്; പക്ഷെ ഇപ്പോൾ കണ്ണീർ വരുന്നത് അപകടമാണ്. ഇപ്പോൾ അവർ അമ്മയല്ല; വളർത്തമ്മയായേക്കാൻ സാധ്യതയുള്ള ഒരു എബ്രായ സ്ത്രീ മാത്രം.

അവർ രാജകുമാരിക്ക് അടുക്കലെത്തി. യാതൊരു ഭാവഭേദവും കാട്ടാതെ നിൽക്കുകയാണ്. കൈകൾ വിറക്കാതെ, ശബ്ദം ഇടറാതെ, കണ്ണുകൾ നിറയാതെ, ശ്വാസമെടുക്കുന്നതു പോലും ശ്രദ്ധിച്ചാണ് നിൽക്കുന്നത്. കാരണം എന്തെങ്കിലും അസ്വാഭാവികത ഫീൽ ചെയ്താൽ അത് കുഞ്ഞിന്റെ ജീവനു തന്നെ ഭീഷണിയാകും.

ഒടുവിൽ, അതു സംഭവിച്ചു! രാജകുമാരി ആ എബ്രായ സ്ത്രീയോടു പറഞ്ഞു 'ഈ കുഞ്ഞിനെ കൊണ്ടു പോയി വളർത്തണം; ഞാൻ നിനക്ക് ശമ്പളം തരാം'.

ഓ! എത്ര അതിശയകരം. കുഞ്ഞിനെ മരണമുഖത്തുനിന്നും തിരിച്ചു കിട്ടുന്നു എന്നു മാത്രമോ, അവനെ സുരക്ഷിതമായി വളർത്തുവാനുള്ള അനുവാദം കിട്ടുന്നു. അത് മാത്രമല്ല കുഞ്ഞിനെ വളർത്തുന്നതാണ് ഇനി മുതൽ ജോലി ;അതിനു കൂലിയും.

പ്രിയരെ, ഇത് അസ്വാഭാവികമായി സംഭവിച്ചതല്ല. ഇതാണ് ദൈവത്തിന്റെ കൈ എന്നു പറയുന്നത്. 'ഒരുത്തന്റെ വഴികൾ യഹോവയ്ക്ക് ഇഷ്ടമായാൽ; ശത്രുക്കളെപ്പോലും അവനോടു ഇണക്കുന്നു'. ദൈവത്തിന്റെ വഴിയെ നടന്ന ഒരു കുടുംബത്തിനൊപ്പം ദൈവത്തിന്റെ കൈ ഉണ്ടാവും, ശത്രുക്കളെ ഒന്നൊന്നായി അവിടുന്ന് ശ്രദ്ധിക്കും;ഓരോ ദിവസവും അവിടുന്ന് നടത്തും. അത് ഭയങ്കരവും അത്ഭുതവുമായിരിക്കും. നാം ചിന്തിക്കുന്നതിലും അപ്പുറവുമായിരിക്കും. അതാണ് 'യോഖേബേദ്' എന്ന അമ്മയുടെ വാക്കും.

ഐപിസി മലബാർ സ്റ്റേറ്റ്: വിവിധ നൂതന പദ്ധതികൾക്കു തുടക്കം

നിലമ്പൂർ: പുതിയതായി രൂപീകരിക്കപ്പെട്ട ഐപിസി മലബാർ കേരള സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾക്കു തുടക്കമായെന്നു ഇടക്കാല കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. സ്റ്റേറ്റിന്റെ താൽക്കാലിക ഓഫീസും നിലമ്പൂരിൽ ആരംഭിച്ചു.

തിങ്കൾ, ചൊവ്വ , ബുധൻ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ



ഓഫീസ് പ്രവർത്തിക്കും. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ആറ് ജില്ലകളിലെ 513 സഭകൾ മലബാർ കേരളാ സ്റ്റേറ്റിന്റെ പരിധിയിൽ ഉൾപ്പെടും. ഈ സഭകളുടെ ഡാറ്റ കളക്ഷൻ, മെമ്പർഷിപ്പ് ശേഖരണം, ശുശ്രൂഷകന്മാർക്കുള്ള ഐഡി കാർഡ് എന്നിവയാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ.

ജൂലൈ 5 ന് പാലുണ്ടയിൽ കൂടിയ കമ്മിറ്റി വിവിധ പ്രവർത്തന പദ്ധതികൾക്ക് രൂപം നല്കി. മലബാറിൽ 50 സെന്ററുകളും 1000 സഭകളും 50,000 ലധികം വിശ്വാസിക ളുള്ള പ്രവർത്തന മേഖലയാക്കി പ്രവർത്തനത്തെ മലബാറിൽ വളർത്തുക എന്നതാണ് ലക്ഷ്യം. മലബാറിലെ ഭാഷയും സംസ്കാരവും പരിചയപ്പെടുത്തിയുള്ള മലബാർ സുവിശേഷീകരണത്തിന് യുവാക്കൾക്ക് പരിശീലനം നല്കാൻ പുതിയ ബൈബിൾ കോളേജ്, റവന്യൂ ജില്ല അടിസ്ഥാനമാക്കി സഭകളെ ഏകോപിപ്പിച്ച് ഉപവാസ പ്രാർത്ഥനയും, സുവിശേഷ പ്രവർത്തനങ്ങളും കാത്തിരിപ്പ് യോഗങ്ങളും നടത്തുക, സഭകൾ ഇല്ലാത്ത താലൂക്കുകളിൽ പുതിയ മിഷൻ സെന്ററുകൾ, നിലവിലുള്ള സെന്ററുകളുടെ ശാക്തീകരണം, പുത്രിക സംഘടനകളുടെ സ്റ്റേറ്റ് തല രൂപീകരണം തുടങ്ങിയ പ്രവർത്തന പദ്ധതികൾകളും നടപ്പിലാക്കും.

സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾക്ക് പ്രാധാന്യം നൽകുകയും സാദ്ധ്യതയുള്ളിടത്ത് വിവിധ സ്ഥാപനങ്ങൾ ആരംഭിക്കുമെന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമെന്നും ഇതിനായുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു മുന്നോട്ടു പോകുമെന്നും സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ്, പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് എന്നിവർ അറിയിച്ചു.



Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon